പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 31. 5.9.2007 -ൽ മറുപടിക്ക്

## ഹവാല ഇടപാടുകളെക്കുറിച്ചുള്ള അന്വേഷണം

| ചോദ്യം: | | ഉത്തരം.: |
| --- | --- | --- |
| ശ്രീ. വി.എസ് സുനിൽ കുമാർ.<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ.<br>ശ്രീ. എ.കെ. ചന്ദ്രൻ.<br>ശ്രീമതി. ഇ.എസ്. ബിജി മോൾ.<br>ശ്രീ. പി. തിലോത്തമൻ. | | ശ്രീ. കോടിയേരി ബാലകൃഷ്ണൻ,<br>ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) സംസ്ഥാനത്ത് നടന്ന ഹവാല ഇടപാടുകളെക്കുറിച്ച് അന്വേഷിക്കുവാൻ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ഈ സംഘത്തിൽ എത്ര അംഗങ്ങൾ ഉണ്ട്; | : | (എ) സംസ്ഥാനത്ത് നടന്ന ഹവാല ഇടപാടുകളെക്കുറിച്ച് അന്വേഷിക്കാവാൻ പ്രത്യേക സംഘത്തെ നിയോഗിച്ചിട്ടുണ്ട്; ഈ സംഘത്തിൽ 13 അംഗങ്ങളുണ്ട്. |
| (ബി) ഈ സംഘത്തിൻെറ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | : | (ബി) ഹവാല കേസുകളും അതുമായി ബന്ധപ്പെട്ടിട്ടുള്ള കുറ്റകൃത്യങ്ങൾ, വ്യാജ കറൻസി നോട്ടുകൾ, ഇക്കാര്യത്തിൽ പോലീസും സർക്കാർ ഉദ്യോഗസ്ഥരും രാഷ്ട്രീയ പ്രവർത്തകരും തമ്മിലുള്ളതായി ആരോപിക്കപ്പെടുന്ന അവിശുദ്ധബന്ധം എന്നിവ അന്വേഷിക്കുക, ഹവാല കേസുകൾ സംബന്ധിച്ച കേന്ദ്ര ഏജൻസികളുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കുക എന്നീ കാര്യങ്ങളാണ് മേൽപ്പറഞ്ഞ അന്വേഷണ സംഘങ്ങളുടെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള ഈ അന്വേഷണ സംഘത്തിൻെറ ഘടന | : | (സി) സംസ്ഥാന തലത്തിൽ എറണാകുളം മേഖലാ ഇൻസ്പെക്ടർ ജനറൽ ശ്രീ. |

| | |
|---|---|
| എന്താണെന്ന് വെളിപ്പെടുത്തുമോ? | വിൻസൻ.എം. പോൾ തലവനായും മലപ്പുറം, കൊല്ലം എന്നീ ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാർ അംഗങ്ങളുമായുള്ള ഒരു പ്രത്യേക ഉന്നത തല അന്വേഷണ സംഘത്തെ നിയോഗിച്ചിട്ടുണ്ട്. പോലീസ് ജില്ലാ/സിറ്റി തലത്തിൽ ബന്ധപ്പെട്ട ജില്ലാ/സിറ്റിയിലെ ഡി.വൈ.എസ്.പി. /അസിസ്റ്റൻറ് കമ്മീഷണർ (ക്രൈം ഡിറ്റാച്ച്മെൻറ്) ഉം ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥരും ചേർന്ന പ്രത്യേക അന്വേഷണ യൂണിറ്റും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 32*  5.9.2007 ൽ മറുപടിക്ക്

**റോഡുകളുടെ പുനരുദ്ധാരണത്തിന് ആധുനിക സാങ്കേതിക വിദ്യ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ജെ. ജോസഫ്<br>ശ്രീ. വി. സുരേന്ദ്രൻ പിള്ള<br>ശ്രീ.മോൻസ് ജോസഫ് | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പുനരുദ്ധാരണത്തിന് പഴയ സാങ്കേതിക വിദ്യകൾ തുടരുന്നതു മൂലമാണ് റോഡുകൾ വളരെ വേഗം ശോച്യാവസ്ഥയി ലാകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റോഡുകൾ വളരെ വേഗം ശോച്യാവസ്ഥയിലാകുന്നത് പല കാരണങ്ങൾ കൊണ്ടാണ്. പഴയ സാങ്കേതികവിദ്യ ഉപയോഗി ക്കുന്നത് ഇതിൽ ഒരു കാരണമാണ്. |
| (ബി) ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; | (ബി) ഇതു പരിഹരിക്കുവാനായി റോഡുകളുടെ ഹെവി മെയിന്റനൻസ് പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രത താങ്ങാനാവുന്ന വിധത്തിൽ റോഡ് നിർമ്മാണത്തിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിക്കുവാൻ ആലോചിക്കുന്നുണ്ടോ; | (സി) ഉണ്ട്. |

| | |
|---|---|
| (ഡി) ഇതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ? | (ഡി) ആധുനിക സങ്കേതികവിദ്യകൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള DRIQ Board - ൽ ലഭ്യമാണ്. ഇത് ആവശ്യാനുസരണം ഉപയോഗിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 33

5..9..07 ൽ മറുപടിയ്ക്ക്.

## ഇക്കോ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.എസ്.സലീഖ., ശ്രീ. കെ.കുഞ്ഞിരാമൻ., ശ്രീ. സാജുപോൾ., ശ്രീ. വി.ശിവൻകുട്ടി., ശ്രീ. മുരളി പെരുനെല്ലി. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ, (ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ). ഇക്കോടൂറിസം വികസിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ). ഇക്കോടൂറിസം വികസിപ്പിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പരിസ്ഥിതിക്കനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളും ഉൽപന്നങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ടുകളും പദ്ധതികളും തയ്യാറാക്കുകയും, അതിന് ആവശ്യമായ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളായ ഫെസിലിറ്റേഷൻ സെന്റർ, താമസസൗകര്യം, പഠന വിവരണ സെന്ററുകൾ, ട്രക്കിംഗ് സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ പരിസ്ഥിതി സൗഹാർദ്ദ പരിപാടികൾ ശക്തിപ്പെടുത്തുകയും, പരിസ്ഥിതി സാമൂഹിക പ്രത്യാഘാത പഠനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. ഇതിനായി പരിശീലന പരിപാടികൾ, ശാസ്ത്രപഠനങ്ങൾ, സെമിനാറുകൾ എന്നിവയും നടത്തുന്നുണ്ട്. |
| (ബി) ഇതിനായി ഈ വർഷം എന്തു തുക അനുവദിച്ചിട്ടുണ്ട്; | (ബി) 2007-2008 സാമ്പത്തിക വർഷം ഇക്കോടൂറിസം പദ്ധതിയുടെ നടത്തിപ്പിനായി മുന്നൂറു ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ഇക്കോടൂറിസം പദ്ധതിയ്ക്കായി എന്തു തുക കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്; | (സി) 2006-2007 സാമ്പത്തിക വർഷത്തിൽ സതേൺ ഇക്കോ ടൂറിസം സർക്യൂട്ടിനായി 581.78/- ലക്ഷം രൂപയുടെ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്. |

കൂടാതെ കാസർകോഡ് ജില്ലയിലെ റാണിപുരം ഇക്കോ ടൂറിസം വികസനത്തിനായി 357.01/- ലക്ഷം രൂപയും കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ഈ വർഷം പുതിയ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ സഹായത്തിനായി സമർപ്പിക്കുന്നതുമാണ്.

(ഡി) പുതുതായി ഏതെല്ലാം പ്രദേശങ്ങളിൽ ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ ?

(ഡി) ഇക്കോ ടൂറിസം വികസനത്തിന് അനുയോജ്യമാണെന്നു കണ്ടെത്തിയ വനമേഖലകളിലും മറ്റ് പ്രദേശങ്ങളിലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഇക്കോ ടൂറിസം പദ്ധതികൾ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ പ്രധാനമായും മലപ്പുറം മുതൽ കാസർകോട് വരെ വ്യാപിച്ചു കിടക്കുന്ന കണ്ടൽക്കാടുകളുടെയും പ്രധാന പുഴകളുടെയും ടൂറിസം സാദ്ധ്യതയുള്ള സമീപ പ്രദേശങ്ങ-ളെയും കൂട്ടിയിണക്കിയുള്ള മലബാർ മാംഗ്രൂവ് ഇക്കോടൂറിസം സർക്യൂട്ടിന് വനം വകുപ്പ്, സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയ വകുപ്പുകളുടെ സഹായത്തോടുകൂടി ഒരു പദ്ധതി കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനായുള്ള പ്രോജക്ട് തയ്യാറാക്കി വരുന്നുണ്ട്. കൂടാതെ വയനാട് ജില്ലയിലെ തോൽപ്പെട്ടി, കുറിച്ച്യാട്, കൊല്ലം ജില്ലയിലെ മരുതിമല പ്രദേശങ്ങളിലും കോഴിക്കോട് ജില്ലയിലെ കുളാവിപ്പാലം, കാസർകോട് ജില്ലയിലെ തൈക്കടപ്പുറം എന്നീ ആമവളർത്തൽ കേന്ദ്രങ്ങളിലും വനംവകുപ്പിന്റെ സഹായത്തോടുകൂടി ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *34 05.09.2007-ന് മറുപടിയ്ക്ക്

## പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആനത്തലവട്ടം ആനന്ദൻ :<br>ശ്രീ. എസ്.രാജേന്ദ്രൻ :<br>ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. കെ.സി.കുഞ്ഞിരാമൻ :<br>ശ്രീ. കെ.സി.രാജഗോപാലൻ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര തേയില തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട്; ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്ത് ഇപ്പോൾ ഏഴ് തേയില തോട്ടങ്ങൾ പൂട്ടിക്കിടക്കുന്നുണ്ട്. അടഞ്ഞുകിടക്കുന്ന തേയില തോട്ടങ്ങൾ ഉൾപ്പെടെയുള്ള തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി തോട്ടം നികുതി ഒഴിവാക്കിക്കൊടുത്തു. കാർഷികാദായ നികുതി ഒഴിവാക്കിക്കൊടുത്തു. തേയില ഫാക്ടറികൾക്കുള്ള വൈദ്യുത ചാർജ്ജിൽ മിനിമം ഡിമാൻറ് ചാർജ്ജ് ഒഴിവാക്കി. ഉപയോഗിച്ച വൈദ്യുതിയ്ക്ക് മാത്രം ചാർജ്ജ് ചുമത്താൻ അനുവദിക്കുകയും ഇത് തവണകളായി അടയ്ക്കുന്നതിനുള്ള സൗകര്യവും നൽകി. ഇതിനു പുറമേ, തോട്ടങ്ങളുടെ നിലവിലുള്ള ബാങ്ക് വായ്പ കുടിശ്ശിക, ഇ.പി.എഫ്. കുടിശ്ശിക പലിശ എന്നിവ പരിഹരിക്കുന്നതിനും തോട്ടങ്ങൾ തേയില ഫാക്ടറികൾ എന്നിവ നവീകരിക്കുന്നതിനുമായി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് നൽകുന്നുണ്ട്. |
| (ബി) പൂട്ടിക്കിടക്കുന്ന തേയില തോട്ടങ്ങളിലെ തൊഴിലാളികൾക്ക് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; | (ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ കുടുംബത്തിന് ഒരാഴ്ചത്തേയ്ക്ക് 5 കി.ഗ്രാം അരി വീതം സൗജന്യമായി നല്കിവരുന്നുണ്ട്. ഇവരുടെ മക്കൾക്ക് വിദ്യാഭ്യാസ ആവശ്യത്തിനായി യൂണിഫോം, നോട്ട്ബുക്ക്, പുസ്തകങ്ങൾ, കുട, ബാഗ് എന്നിവ നല്കിവരുന്നു |

ആരോഗ്യപരിപാലനത്തിനായി എസ്റ്റേറ്റ് ആശുപത്രികളും മെഡിക്കൽ ക്യാമ്പും മൊബൈൽ ക്ലിനിക്കും പ്രവർത്തിക്കുന്നു. അത്യാവശ്യഘട്ടങ്ങളിൽ കുടിവെള്ളവിതരണം നടത്തിവരുന്നു. ഓണത്തോടനുബന്ധിച്ച് തൊഴിലാളികൾക്ക് 500 രൂപ വീതം എക്സ്ഗ്രേഷ്യ നല്കിവരുന്നു. ഉന്നതവിദ്യാഭ്യാസത്തിനായി ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവ നല്കിവരുന്നു. ലയങ്ങളുടെ അറ്റകുറ്റപണികൾക്കായി സാമ്പത്തിക സഹായം നല്കിവരുന്നു. തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനായി ധനസഹായം നല്കിവരുന്നു.

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തേയില തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചു, ഈ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 8 തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. എം.എം.ജെ.പ്ലാന്റേഷൻസിന്റെ 3 തോട്ടങ്ങളും (വാഗമൺ, കോട്ടമല, ബൊണാമി) ആർ.ബി.റ്റി.ഗ്രൂപ്പിന്റെ 4 തോട്ടങ്ങളും (മഞ്ചുമല, നെല്ലിക്കായ്, തേങ്ങാക്കൽ, പാമ്പനാർ) മഹാവീർ പ്ലാന്റേഷൻസിന്റെ ബോണക്കാട് എസ്റ്റേറ്റുമാണിവ. മഹാവീർ പ്ലാന്റേഷൻസിന്റെ എസ്റ്റേറ്റ് ഇപ്പോൾ വീണ്ടും അടച്ചിട്ടു. പൂർണ്ണമായി അടഞ്ഞുകിടക്കുന്നത് RBT Group II ന്റെ അഞ്ച് തോട്ടങ്ങളും ട്രാവൻകൂർ റബ്ബർ & ടീ കമ്പനിയുടെ രണ്ടു തോട്ടങ്ങളുമാണ് RBT Group I-ന്റെ 4 തോട്ടങ്ങൾ ഭാഗികമായിട്ടാണ് പ്രവർത്തിക്കുന്നത്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്ന ശേഷം കൊച്ചിൻ മലബാർ പ്ലാന്റേഷൻസിന്റെ ഒരു ഫാക്ടറി തുറന്ന് പ്രവർത്തിച്ചു.

ഒത്ത് തീർപ്പ് വ്യവസ്ഥ പ്രകാരമുള്ള അഡ്വാൻസും, മരണമടഞ്ഞവരുടെ ഗ്രാറ്റുവിറ്റിയും മറ്റ് കുടിശ്ശികകളും എം.എം.ജെ.ഗ്രൂപ്പിന്റെ 3 തോട്ടങ്ങളിലും സമയബന്ധിതമായി വിതരണം ചെയ്തു. 13/8/07-ന് പ്രവർത്തനം ആരംഭിച്ച പീരുമേട്ടിലെ ആർ.ബി.റ്റി.ഗ്രൂപ്പ് 1-ന്റെ 4 തോട്ടങ്ങളിൽ കരാർ പ്രകാരമുള്ള അഡ്വാൻസും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്

ജൂൺ, ജൂലൈ മാസങ്ങളിലെ ചെലവ് കാശ്, ശമ്പളം എന്നിവ കുടിശ്ശികയായതിനെ തുടർന്ന് തൊഴിലാളികൾ പണിക്കിറങ്ങാതെ ബോണക്കാട് എസ്റ്റേറ്റിന്റെ പ്രവർത്തനം തല്ക്കാലം നിലച്ചിരിക്കുകയാണ്.

(ഡി) തുറക്കാൻ തയ്യാറാവാത്ത തേയില തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനത്തെ തുടർന്ന് അതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

(ഡി) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ ഏറ്റെടുത്ത് പുനരുദ്ധരിക്കുന്നതുൾപ്പെടെയുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്. തുറക്കാൻ തയ്യാറാവാത്ത തേയില തോട്ടങ്ങൾ ഏറ്റെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

[signature]

**സെക്ഷൻ ഓഫീസർ**

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 35 | 5/9/2007 ൽ മറുപടിക്ക്

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്

ചോദ്യം
ശ്രീ. കെ. ബാബു
ശ്രീ. പി.സി. വിഷ്ണുനാഥ്
പ്രൊ.കെ.വി. തോമസ്

ഉത്തരം
ശ്രീ.പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ) കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമ നിധി ബോർഡിലേക്ക് എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട് ;

(എ) അസസ്സ്മെൻറ് നടത്തിയ കെട്ടിടങ്ങളുടെ സെസ്സ് ഇനത്തിൽ 3,03,19,983/- (മൂന്നു കോടി മൂന്നു ലക്ഷത്തി പത്തൊൻപതിനായിരത്തി തൊള്ളായിരത്തി എൺപത്തി മൂന്നു) രൂപ പിരിഞ്ഞു കിട്ടാനുണ്ട്.

(ബി) ഈ തുക പിരിച്ചെടുക്കുന്നതിനുള്ള ബുദ്ധിമുട്ടെന്തെന്ന് വിശദീകരിക്കുമോ ;

(ബി) കെട്ടിടങ്ങളുടെ അസസ്സ്മെൻറ് നടത്തി അസസ്സ്മെൻറ് നോട്ടീസ് അയയ്ക്കുന്നതു മുതൽ തുക പിരിഞ്ഞു കിട്ടുന്നതുവരെയുള്ള നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിനും, തുക അടയ്ക്കാത്ത ഉടമകൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് തുക പിരിച്ചെടുക്കുന്നതിനും ആവശ്യമായ സമയം വേണ്ടി വരുന്നതാണ് സെസ്സ് തുക പിരിച്ചെടുക്കാൻ ബുദ്ധിമുട്ട് ഉണ്ടാക്കുന്നത്.

(സി) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് പ്രോവിഡന്റ് ഫണ്ട്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടിയെടുക്കുമോ?

(സി) ഇല്ല. കെട്ടിട നിർമ്മാണതൊഴിലാളികൾക്ക് സ്ഥിരമായ തൊഴിലുടമ ഇല്ലാത്തതിനാൽ പ്രോവിഡന്റ് ഫണ്ട് ഏർപ്പെടുത്തുന്ന കാര്യം പരിഗണനാർഹമല്ല. പ്രസ്തുത വിഭാഗം തൊഴിലാളികൾക്ക് ചികിത്സാ ധന സഹായം, അവശതാ പെൻഷൻ, പെൻഷൻ എന്നിവയും തൊഴിലാളികളുടെ മരണശേഷം കുടുംബാംഗങ്ങൾക്ക് മരണാനന്തര ധനസഹായം, അപകട മരണാനന്തര ധന-സഹായം, കുടുംബ പെൻഷൻ എന്നിവയും ക്ഷേമബോർഡ് നേരിട്ടു നൽകുന്നതിനാൽ കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 38 — 05-09-2007 ൽ മറുപടിയ്ക്ക്

<u>തരിശിടുന്ന നെൽവയലുകൾ ഏറ്റെടുക്കുവാൻ നടപടി</u>

<u>ചോദ്യം</u>

ശ്രീ. കെ. സുധാകരൻ
ശ്രീ. എം.എ.വാഹീദ്

എ) നെൽകൃഷി സംരക്ഷിക്കുവാൻ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കു വാൻ ഉദ്ദേശിക്കുന്നുണ്ടോ;

<u>മറുപടി</u>

ശ്രീ. മുല്ലക്കര രത്നാകരൻ
ബഹു. കൃഷി വകുപ്പ് മന്ത്രി

എ) ഉണ്ട്. താഴെ പറയുന്നവയാണ് പുതിയ പദ്ധതികൾ.

1.നെൽകൃഷി സംരക്ഷിക്കുന്നതിനും പുന:രുദ്ധരിക്കുന്നതിനുമായി 'കേരള ശ്രീ' എന്ന സമഗ്രമായൊരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളത്തിലെ പ്രധാന നെൽ ഉൽപാദന മേഖലകളായ ആലപ്പുഴ, തൃശൂർ, പാലക്കാട് ജില്ലകളിലെ നെൽ ഉൽപാദന മേഖലകളെ സംരക്ഷിത മേഖലയായി പ്രഖ്യാപിക്കുകയും ഈ മേഖലയിലെ നെൽ കൃഷിക്കാർക്ക് 'ഗ്രീൻ കാർഡ്' ഏർപ്പെടുത്തി അവർക്ക് പലിശ രഹിത വായ്പ നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇത് ഇൻഡ്യയിൽ ആദ്യമായാണ് ഒരു സംസ്ഥാനം ഇങ്ങനെ ചെയ്യുന്നത്.

2.നെൽപാടങ്ങളിൽ മൂന്നാം വിള സീസണിൽ അധിക ഉത്പാദനത്തിന് ഹെക്ടർ ഒന്നിന് 2500 രൂപ ധനസഹായം നൽകുന്ന 10000 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുവാൻ 260 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3. നെൽകൃഷി മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി യൂണിറ്റൊന്നിന് 25000 രൂപ സാമ്പത്തിക സഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇത്തരത്തിൽ 600 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

4. കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് നൂതന കാർഷിക യന്ത്രങ്ങൾ, സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് 50 ലക്ഷം രൂപയും ഇവ പ്രവർത്തിപ്പിക്കുന്നതിന് പരിശീലനം നൽകുന്നതിനായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ബി) നെൽകൃഷിയിൽനിന്നും കർഷകർ പിൻമാറുന്നതിനുള്ള കാരണങ്ങൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

ബി) ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, തരിശ് ഭൂമി കൃഷി പദ്ധതി, നെൽപാടങ്ങളിൽ മൂന്നാം വിളക്കാലത്ത് അധിക വിള കൃഷി ചെയ്യുന്നതിന് ആനുകൂല്യം നല്കുന്ന പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. അതോടൊപ്പം നെൽകൃഷി മേഖലയിൽ ഉപ തൊഴിൽ ലഭ്യമാക്കുന്നതിന് ചെറുകിട സംസ്കരണ വിപണന യൂണിറ്റുകൾ സ്ഥാപിക്കുവാൻ ധനസഹായം നൽകുന്ന പദ്ധതി, കാർഷിക യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനും അതിനുള്ള പരിശീലനം നൽകുന്നതിനുമുള്ള പദ്ധതി, ഹെക്ടറിന് ഒരു സീസണിൽ 350 രൂപ നിരക്കിൽ ഉല്പാദന ബോണസ്. നെൽകൃഷിക്കാർക്ക് വൈദ്യുതി സൗജന്യം നൽകുന്ന പദ്ധതി എന്നിവയും നടപ്പാക്കി വരുന്നു. ഇവയ്ക്കു പുറമേ കേന്ദ്രാവിഷ്കൃത

വികസന പദ്ധതികളും നടപ്പാക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. നെല്ലുസംഭരണം, പലിശരഹിത വായ്പാ പദ്ധതി എന്നിവയും നെൽകർഷകരെ നെൽകൃഷിയിലേക്ക് ആകർഷിക്കുവാനായി ലക്ഷ്യമിടുന്നുണ്ട്.

സി) തരിശിടുന്ന നെൽവയലുകൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

സി) ഉണ്ട്. നെൽവയൽ സംരക്ഷണവുമായി ബന്ധപ്പെട്ട് ബില്ലിൽ ഇതുകൂടി ഉൾപ്പെടുത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 37. 5.9.2007-ൽ വാങ്മൂലം മറുപടിയ്ക്ക്.

## പോലീസ് ട്രെയിനിംഗ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. വി. ശശികുമാർ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും, വിനോദ സഞ്ചാരവും വകുപ്പു മന്ത്രി |
| **(എ)** പോലീസ് ട്രെയിനിംഗിനുള്ള പാഠ്യപദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | **(എ)** പോലീസ് കോൺസ്റ്റബിൾമാരുടെ ട്രെയിനിംഗിനുള്ള സിലബസ് 19.9.1983-ലെ ജി.ഒ. (എം.എസ്) നമ്പർ 125/83/ആഭ്യന്തരം എന്ന ഉത്തരവുപ്രകാരമാണ് തയ്യാറാക്കിയിരിക്കുന്നത്. തുടർന്ന് 19.5.2004-ലെ ജി.ഒ. (എം.എസ്.) 192/04/ആഭ്യന്തരം എന്ന ഉത്തരവുപ്രകാരം പ്രസ്തുത സിലബസ് പരിഷ്ക്കരിക്കുയുണ്ടായി. എന്നാൽ സബ് ഇൻസ്പെക്ടർമാരുടെ സിലബസ് 1976-ന് ശേഷം പരിഷ്ക്കരിച്ചിട്ടില്ല. കായിക പരിശീലനത്തിനു പുറമേ കമ്പ്യൂട്ടർ പഠനവും, സൈബർ കുറ്റകൃത്യങ്ങളെപ്പറ്റി ബോധവൽക്കരണവും നൽകിവരുന്നുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണം, ഫോറൻസിക് മെഡിസിൻ, ഫോറൻസിക് സയൻസ് എന്നിവ അഭ്യസിപ്പിക്കുകയും കേരളാ പോലീസ് അക്കാഡമിയിലുള്ള ക്രൈം മ്യൂസിയം, ഫോറൻസിക് ലബോറട്ടറി എന്നിവ രണ്ടും ഉപയോഗിച്ച് ശാസ്ത്രീയ കുറ്റാന്വേഷണത്തിൽ സബ് ഇൻസ്പെക്ടർമാർക്ക് പരിശീലനവും നൽകിവരുന്നു. |
| **(ബി)** പാഠ്യപദ്ധതിയിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എന്തെങ്കിലും പരിഷ്ക്കാരം വരുത്തിയിട്ടുണ്ടോ; | **(ബി)** ഇല്ല. |

(സി) പോലീസുകാർക്കുള്ള ട്രെയിനിംഗ് പരിപാടിയിൽ എന്തെങ്കിലും പരിഷ്കാരം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ജസ്റ്റിസ് തോമസ് കമ്മീഷന്റെ ശുപാർശയിൽ പോലീസുകാരുടെ ട്രെയിനിംഗിന് കാതലായ മാറ്റങ്ങൾ വരുത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. അത് നടപ്പിലാക്കുന്നതിന് പോലീസ് ആസ്ഥാനത്ത് എ.ഡി.ജി.പി.മാരുടെ കമ്മിറ്റിയിൽ വരുത്തേണ്ട പരിഷ്കാരങ്ങളെക്കുറിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ഡി) പോലീസ് ട്രെയിനികളെ ശാരീരികവും, മാനസികവുമായി പീഡിപ്പിക്കുന്നത് തടയുന്നതിന് മനുഷ്യാവകാശകമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

(ഡി) പോലീസിൽ ക്രൂരത ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ 2005- ൽ മനുഷ്യാവകാശ കമ്മീഷൻ നൽകിയിട്ടുണ്ട്. വനിതാ പോലീസിനെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ ലേഡി ഡോക്ടർമാരെ മെഡിക്കൽ ബോർഡിൽ ഉൾപ്പെടുത്തണമെന്നും ലേഡി ഡോക്ടർമാർതന്നെ അവരെ പരിശോധിക്കണമെന്നും 12.1.07-ലെ ജി.ഒ. (ആർടി) നമ്പർ 108/07/ആഭ്യന്തരം പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 38* 5.9.2007 ൽ മറുപടിക്ക്

## തലസ്ഥാന നഗര വികസന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് :<br>ശ്രീ. പി.കെ. അബ്ദുറബ്ബ്: | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) തലസ്ഥാന നഗരവികസന പദ്ധതിയിൽപ്പെടുത്തി പ്രവൃത്തി നടത്തിവന്നിരുന്ന റോഡുകളുടെ പണി മുടങ്ങാനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) കരാർ കാലയളവിനുള്ളിൽ പദ്ധതിക്കാവശ്യമായ സ്ഥലം മുഴുവനായും ഏറ്റെടുത്തു നൽകാൻ കഴിയാതെ വരികയും ഏറ്റെടുത്തു നൽകിയ സ്ഥലത്ത് കരാറുകാർക്ക് പണി പൂർത്തിയാക്കാൻ കഴിയാതെ വരികയും ചെയ്തതുകൊണ്ടാണ് പണി മുടങ്ങിയത്. |
| (ബി) ഏതെല്ലാം പദ്ധതികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത് ; | (ബി) ഇനി ചെയ്യേണ്ട പണികളിൽ പ്രധാനമായും താഴെ പറയുന്ന റോഡുകൾ ഉൾപ്പെടുന്നു.<br>1) വെള്ളയമ്പലം – ശാസ്തമംഗലം<br>2) പാളയം – അട്ടക്കുളങ്ങര (എം.ജി. റോഡ്)<br>3) നന്ദാവനം-ബേക്കറി - തമ്പാനൂർ - ഓവർബ്രിഡ്ജ്<br>4)നാലുമുക്ക് - കളക്ടറേറ്റ് - തകരപറമ്പ് - ചുരക്കാട്ടുപാളയം പാറ്റൂർ – കളക്ടറേറ്റ്<br>5) വാൻറോസ് - ഊറ്റുകുഴി<br>6) പട്ടം- മരപ്പാലം- കവടിയാർ<br>7) പട്ടം - മെഡിക്കൽകോളജ് - ഉള്ളൂർ - |

കൊച്ചുള്ളൂർ

8) കവടിയാർ - പേരൂർക്കട- വഴയില

9) അട്ടക്കുളങ്ങര - ശ്രീവരാഹം ഈഞ്ചയ്ക്കൽ

10) മുറിഞ്ഞപാലം - കുമാരപുരം - പൂന്തി അണമുഖം - എൻ.എച്ച് ബൈപാസ്

(സി) പണി ഏറ്റെടുത്തിരുന്ന ഫൂഞ്ച്ലോയ്ഡ് കമ്പനിയുമായി പണി പൂർത്തികരിക്കുന്നതിന് വീണ്ടും കരാർ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

(സി) ഇല്ല. പണി നടത്തിവന്നിരുന്ന തിരുവനന്തപുരം റോഡ് വികസന കമ്പനിയുമായുള്ള കരാർ പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 39

05.09.2007-ൽ മറുപടിക്ക്

## നാളികേര കർഷകരെ സഹായിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേര കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ വിശദമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>കേരളത്തിലെ കേര കർഷകർ അനുഭവിക്കുന്ന പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.<br>1. കേരോൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുക, കേരോൽപന്നങ്ങളുടെ തുടർച്ചയായ വിലയിടിവ്, വിലകുറഞ്ഞ മറ്റ് ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി.<br>2. പ്രായാധിക്യവും കുറഞ്ഞ ഉൽപാദനക്ഷമതയുമുള്ള തെങ്ങുകളുടെ ബാഹുല്യം, ചെറുകിട നാമമാത്ര തെങ്ങിൻപുരയിടങ്ങൾ, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിനുള്ള വിമുഖത.<br>3. കാറ്റുവീഴ്ച, മണ്ഡരി തുടങ്ങിയ രോഗ/കീട ബാധകൾ മൂലമുള്ള ഉൽപാദന കുറവ്.<br>4. വർദ്ധിച്ച ഉൽപാദന ചെലവ്.<br>5. തൊഴിലാളികളുടെ ലഭ്യതക്കുറവ്.<br>6. അപര്യാപ്തമായ യന്ത്രവൽക്കരണം. |

7. വെളിച്ചെണ്ണയെ മാത്രം ആശ്രയിച്ചുള്ള വിപണി.

8. മൂല്യവർദ്ധിത ഉൽപന്നങ്ങൾ വികസിപ്പിച്ചെടുത്ത് വിപണനം നടത്താൻ കഴിയാത്ത അവസ്ഥ.

9. മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ദൗർലഭ്യം.

ബി) നാളികേര കർഷകരെ സഹായിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

ബി) സംസ്ഥാനത്ത് നാളികേര വിലയിടിവ് മൂലം കേരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങുവില പദ്ധതി പ്രകാരം, സർക്കാർ മാർക്കറ്റിൽ ഇടപെട്ട് കൊപ്ര സംഭരിച്ചുവരുന്നു. ഇതു കൂടാതെ പാമോയിൽ ഉൾപ്പെടെയുള്ള ഭക്ഷ്യ എണ്ണകളുടെ അമിതമായ ഇറക്കുമതി നിയന്ത്രിക്കണമെന്നും ഇറക്കുമതിച്ചുങ്കം ലോക വ്യാപാരക്കരാറനുസരിച്ചുള്ള പരമാവധി നിബന്ധിത നിരക്കിലേക്കുയർത്തണമെന്നും നിരന്തരം കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടു വരുന്നു. കേരകർഷകരെ സഹായിക്കുന്നതിനായി സംസ്ഥാനത്ത് പച്ചനാളികേരം സംഭരിക്കാനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. നോഡൽ ഏജൻസിയായി "കേരഫെഡി"നെ നിയമിച്ചിട്ടുണ്ട്. നാളികേര കൃഷിയുടെ പുനരുദ്ധാരണത്തിനായി "കേരശ്രീ" എന്ന സമഗ്രമായൊരു പദ്ധതി സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്.

നാളികേര കർഷകരെ സഹായിക്കുന്നതിനായി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ, നടീൽ, ജൈവവള വിത്തുകളുടെ വിതരണം.

ജൈവ കീട നിയന്ത്രണം, ഇടവിളകൃഷി മുതലായ ഘടകങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനത്ത് "കേര ശ്രീ" എന്ന സമഗ്ര നാളികേര വികസന സംസ്ഥാനാവിഷ്കൃത പദ്ധതി ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്നു.

2007-08 വർഷത്തിൽ നാളികേര വികസന ബോർഡിന്റെ സഹകരണത്തോടെ കേരകൃഷിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പ്പാദനവും വിതരണവും എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. നാളികേര വികസന ബോർഡിന്റെ പദ്ധതി പ്രകാരം പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുക, ജൈവവള ഉത്പ്പാദന യൂണിറ്റുകൾ സ്ഥാപിക്കൽ, സങ്കരയിനം തെങ്ങിൻ തൈകൾ ഉത്പ്പാദിപ്പിച്ച് വിതരണം തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

സി) തേങ്ങയ്ക്ക് താങ്ങുവില നിശ്ചയിക്കുന്നതിന് കേന്ദ്ര വിലനിർണ്ണയ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

സി) ആവശ്യപ്പെട്ടിട്ടുണ്ട്.

ഡി) താങ്ങുവിലയായി എത്ര രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്;

ഡി) ഉല്പാദനചെലവിന്റെ അടിസ്ഥാനത്തിൽ ഒരു നാളികേരത്തിന് 6/- രൂപ എങ്കിലും താങ്ങുവില വേണമെന്നതാണ് സംസ്ഥാനത്തിന്റെ ആവശ്യമായി കമ്മീഷനോട് അവതരിപ്പിച്ചിട്ടുള്ളത്.

ഇ) കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ: എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഇ) ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര കാർഷിക വില നിർണ്ണയ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത്. 2008 സീസണിൽ

മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 4870/- രൂപയും ഉണ്ട കൊപ്രയ്ക്ക് 5120/- രൂപയും താങ്ങുവിലയായി നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ശുപാർശ ചെയ്യുന്നതിന് സർക്കാർ കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 40*                5.9.2007 ൽ മറുപടിക്ക്

## ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ടാറുമായി ഉരുക്കിച്ചേർത്ത് റോഡ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ | ശ്രീ.വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ടാറുമായി ഉരുക്കിച്ചേർത്ത് റോഡു നിർമ്മിക്കുന്ന പദ്ധതി പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുണ്ടോ ; | (എ) ഉണ്ട് |
| (ബി) സംസ്ഥാനത്ത് പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെല്ലാം ഇത്തരം റോഡുകൾ നിർമ്മിച്ചിട്ടുണ്ട് ; ഈ റോഡുകളിൽ കേടുപാടുകൾ ഉണ്ടായിട്ടുണ്ടോ; | (ബി)തിരുവനന്തപുരത്ത് ശ്രീകാര്യം ഗ്രാമപഞ്ചായത്തിലെ ചാവടിമുക്ക് - പുല്ലാന്നിവിള റോഡിൽ ചാവടിമുക്കിൽ നിന്നും 500 മീറ്റർ നീളത്തിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ടാറിംഗ് നടത്തിയിട്ടുണ്ട്. ഒന്നര വർഷം കഴിഞ്ഞ ഈ റോഡിൽ ഇതു വരെ കേടുപാടുകൾ ഉണ്ടായിട്ടില്ല. |
| (സി) രാജ്യത്ത് ഏതെല്ലാം സംസ്ഥാനങ്ങൾ ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് അറിയിക്കുമോ; | (സി) തമിഴ്നാട്ടിൽ ഈ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതായി അറിവായിട്ടുണ്ട്. |

(ഡി) കേരളത്തിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഭീഷണി ഉയർത്തുന്ന സാഹചര്യത്തിൽ ഈ രീതി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

(ഡി) ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് എല്ലാ ജില്ലകളിലും ഓരോ കിലോമീറ്റർ റോഡ് പരീക്ഷണാർത്ഥം നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ–41 5/9/2007–ൽ മറുപടിയ്ക്ക്

## ജയിൽ നിയമങ്ങൾ പരിഷ്ക്കരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം.തോമസ് :<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.സി.എച്ച് .കുഞ്ഞമ്പു:<br>ശ്രീമതി ജെ.അരുന്ധതി:<br>ശ്രീ. എ. എം. യൂസഫ്: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ). ജയിൽ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;<br>(ബി). എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) യും (ബി)യും.<br>ജയിൽ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയി ലാണ് |
| (സി).നിലവിലുള്ള നിയമത്തിൽ എന്തെല്ലാം അപാകതകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; | (സി).<br>നിലവിലുള്ള ജയിൽ നിയമം വളരെ പഴക്കം ചെന്നതും കാലാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാക്കുന്നതുമാണ്. |
| (ഡി). പരിഷ്ക്കരിച്ച ജയിൽ നിയമങ്ങൾ എന്നത്തേക്ക് പ്രസിദ്ധീകരിക്കുമെന്ന് അറിയിക്കുമോ? | (ഡി).<br>പരിഷ്ക്കരിച്ച ജയിൽ നിയമങ്ങൾ സൂക്ഷ്മമായി പരിശോധിച്ച് നടപടി ക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 42

5..9..07 ൽ മറുപടിയ്ക്ക്.

## മൂന്നാറിനെ അന്താരാഷ്ട്ര നിലവാരമുള്ള വിനോദ സഞ്ചാരകേന്ദ്രമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.ടി.എ. റഹിം., ശ്രീ. കെ.കെ. ജയചന്ദ്രൻ., ശ്രീ. എസ്.രാജേന്ദ്രൻ., ശ്രീ. മഞ്ഞളാംകുഴി അലി., ശ്രീ. മാത്യു എബ്രഹാം. | ശ്രീ. കോടിയേരി ബാലകൃഷ്ണൻ, (ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) മൂന്നാറിനെ അന്താരാഷ്ട്ര നിലവാരമുള്ള വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനു വേണ്ടി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) കേരള സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ടൂറിസം വിഭവം ഇവിടത്തെ പ്രകൃതി സമ്പത്താണ്. ഈ പ്രകൃതിയെ അതിന്റെ തനിമയോടെ നിലനിർത്തിയെങ്കിൽ മാത്രമേ ടൂറിസം മേഖലയ്ക്ക് ചിരസ്ഥായിയായ വികസനം നേടാനാവൂ. മേൽ പ്രസ്താവിച്ച കാര്യം ഉൾക്കൊണ്ടുകൊണ്ട് മൂന്നാറിനെ അന്താരാഷ്ട്ര നിലവാരമുള്ള വിനോദ സഞ്ചാര കേന്ദ്രമാക്കുന്നതിനുള്ള നടപടികളാണ് ടൂറിസം വകുപ്പ് കൈക്കൊണ്ടുവരുന്നത്.<br><br>മൂന്നാർ ടൗണിന്റെ വികസനത്തിനും മൂന്നാർ പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന പുഴ വൃത്തിയാക്കുന്നതിനും തീരങ്ങൾ മോടി പിടിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും 3,98,85,000/- രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുകയും പ്രവർത്തനങ്ങൾ നടന്നുവരുകയുമാണ്. കൂടാതെ |

മൂന്നാറിന്റെ ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി 46,11,755/- രൂപയുടെ ഒരു പദ്ധതി മൂന്നാർ ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കിവരുന്നു.

| | |
|---|---|
| (ബി) പുതിയതായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) ആരംഭിച്ചിട്ടുണ്ട്. |
| (സി) സ്വകാര്യ സംരംഭകരെക്കൂടി പങ്കാളികളാക്കി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ഡി) മൂന്നാറിൽ എത്ര ഏക്കർ സ്ഥലമാണ് ടൂറിസം പദ്ധതിയ്ക്കു വേണ്ടി നീക്കിവയ്ക്കുന്നത് ? | സി & ഡി: മാസ്റ്റർ പ്ലാൻ തയ്യാറായാൽ മാത്രമേ ഏതൊക്കെ രീതിയിൽ എവിടെയെല്ലാമാണ് പദ്ധതികൾ നടപ്പിലാക്കാവുന്നത് എന്നതിനെപ്പറ്റി രൂപം കിട്ടുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാംകേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 43 | 5/9/2007.ൽ മറുപടിക്ക്

ഓണസമയത്ത് തൊഴിലാളികൾക്ക് നൽകിയ ആനുകൂല്യങ്ങൾ

ചോദ്യം
ശ്രീ. കോവൂർ കുഞ്ഞുമോൻ

ഉത്തരം
ശ്രീ.പി.കെ. ഗുരുദാസൻ
(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)

(എ). കശുവണ്ടി വ്യവസായരംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഓണ സമയത്ത് എന്തെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത് ;

(എ) കാഷ്യു ഐ.ആർ.സി തീരുമാനപ്രകാരം, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ തൊഴിലാളികൾക്ക് 20% ബോണസ്സും, 0.5% എക്സ്ഗ്രേഷ്യയും, മിനിമം ബോണസ്സായി 2600 രൂപ അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരികെ പിടിക്കുന്ന വ്യവസ്ഥയിൽ തൊഴിലാളികൾക്ക് 100 രൂപ വീതം റിക്കവറബിൾ അഡ്വാൻസ് നൽകാനും ഒഴിവു ശമ്പളത്തിന് അർഹതയുള്ള തൊഴിലാളികൾക്ക് 2007.ലെ തിരുവോണ ശമ്പളവും ആഗസ്റ്റ് 15.ന്റെ ദേശീയ ഒഴിവു ശമ്പളവും നൽകാനും ഉത്തരവായിട്ടുണ്ട്. ഇതിൻപ്രകാരം തൊഴിലാളികൾക്ക് ബോണസ്സും മറ്റാനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. ബോണസ്സ് പ്രത്യേകം നിശ്ചയിച്ചു നൽകുന്ന വിഭാഗങ്ങളായ ഹെഡ് ലോഡ്, മൈക്കാട് മുതലായ വിഭാഗങ്ങൾക്ക് ഐ.ആർ.സി കരാറിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ മറ്റാനുകൂല്യങ്ങൾക്കു പുറമെ ബോണസ്സഡ്വാൻസും നല്കിയിട്ടുണ്ട്. കാപ്പെക്സിലെ ഓരോ തൊഴിലാളിക്കും

.......2/-

2600 രൂപ ബോണസ്സഡ്വാൻസും 100 രൂപ തിരിച്ചു പിടിക്കുന്ന അഡ്വാൻസും രണ്ട് ഒഴിവു ശമ്പളങ്ങളും നൽകിയിട്ടുണ്ട്. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ നിന്നും ന്യൂ പെൻഷൻ വിഭാഗത്തിൽപ്പെട്ടവർക്കും ബോർഡംഗങ്ങളായി വിരമിച്ചവർക്കും ആറു മാസത്തെ പെൻഷൻ നൽകിയിട്ടുണ്ട്. പൂട്ടിക്കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് 250 രൂപ വീതം എക്സ്ഗ്രേഷ്യയും അനുവദിച്ചിട്ടുണ്ട്.

(ബി) ബോണസ് വിതരണവുമായി ബന്ധപ്പെട്ട് കശുവണ്ടി മേഖലയിൽ എവിടെയെങ്കിലും തർക്കങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(ബി) തർക്കങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(സി) പരമ്പരാഗത തൊഴിൽ മേഖലയിൽ ഓണവുമായി ബന്ധപ്പെട്ട് എന്തെല്ലാം ക്ഷേമ ആനുകൂല്യങ്ങളും പെൻഷനും വിതരണം ചെയ്യുവെന്ന് വെളിപ്പെടുത്തുമോ;

(സി) പരമ്പരാഗത മേഖലയിൽപ്പെട്ട കയർ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്ക് പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകുന്നതിനായി 5,56,86,000 രൂപ അനുവദിച്ചിട്ടുണ്ട്. കൈത്തറിത്തൊഴിലാളികൾക്ക് പെൻഷനും ചികിത്സ/അവശത സംബന്ധിച്ച എക്സ്ഗ്രേഷ്യ , മരണാനന്തര ധനസഹായം മരണപ്പെട്ട അംഗത്തിൻെറ അംശദായ റീഫണ്ട് എന്നിവ നൽകുന്നതിനായി 1,35,71, 000/- രൂപ അനുവദിച്ചിട്ടുണ്ട്. കശുവണ്ടിത്തൊഴിലാളികൾക്ക് പെൻഷനും ഇതര ആനുകൂല്യങ്ങളും നൽകുന്നതിനായി 5,14,90,500/- രൂപ അനുവദിച്ചിട്ടുണ്ട്. കർഷകത്തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിനായി 63,31,82,508/-

.......3/

രൂപയും മരണാനന്തര സഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ നല്കുന്നതിനായി 95,75,000/- രൂപയും അനുവദിച്ചിട്ടുണ്ട്. കൂടാതെ ബാർബർ ബ്യൂട്ടീഷ്യൻ വിഭാഗത്തിന് പെൻഷനും മറ്റാനുകൂല്യ ങ്ങളും നൽകുന്നതിനായി 14,30,000/- രൂപയും അലക്കുതൊഴിലാളി പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി 14,50,000/- രൂപയും ഈറ്റ - കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിനായി 77,39,000/- രൂപയും ചുരുട്ടുതൊഴിലാളി പെൻഷൻ വിതരണത്തിനായി 1,27,851 /- രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഏതെല്ലാം വിഭാഗം തൊഴിലാളികളുടെ ക്ഷേമ പെൻഷനുകളാണ് വിതരണം നടത്തിയത്;

(ഡി) കൈത്തറിത്തൊഴിലാളി, മോട്ടോർ തൊഴിലാളി, കശുവണ്ടി തൊഴിലാളി , കള്ള് വ്യവസായ തൊഴിലാളി, തയ്യൽ തൊഴിലാളി, കർഷക തൊഴിലാളി, അബ്കാരി തൊഴിലാളി, ഈറ്റ കാട്ടുവള്ളി തഴ തൊഴിലാളി, ബീഡി-സിഗാർ തൊഴിലാളി, ചുമട്ടു തൊഴിലാളി, ബാർബർ - ബ്യൂട്ടീഷ്യൻസ്, അലക്കുതൊഴിലാളി, കയർ തൊഴിലാളി, പരമ്പരാഗത മത്സ്യത്തൊഴിലാളി എന്നീ വിഭാഗം തൊഴിലാളികളുടെ ക്ഷേമപെൻഷനുകളാണ് വിതരണം നടത്തിയത്.

..........4/-

(ഇ) ഈ ഇനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

(ഇ) ഈ ഇനത്തിൽ 70,28,85,008/- രൂപ തൊഴിൽ വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിൽ നിന്നും കയർ തൊഴിലാളി പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് കേരള കയർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡിന് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ കുടിശ്ശിക നൽകുന്നതിനായി 5,56,86,000/- രൂപയും അനുവദിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 44 — 5.9.2007 ൽ മറുപടിക്ക്

## കെ.എസ്.റ്റി.പി റോഡു വികസനം

**ചോദ്യം**

ശ്രീ. എം.ജെ. ജേക്കബ്
ശ്രീ. എം. ചന്ദ്രൻ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. കെ.കെ.ദിവാകരൻ
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്

**ഉത്തരം**

ശ്രീ. വി.എസ്.അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) കെ.എസ്.റ്റി.പി റോഡു വികസനം പുനഃരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) പദ്ധതി പുനഃരാരംഭിക്കുന്നതിന് പതിബെൽ കമ്പനി മുന്നോട്ടുവച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ഇക്കാര്യത്തിൽ സർക്കാരിന്റെ നലപാട് എന്താണെന്ന് വിശദമാക്കുമോ;

(ബി) പണി പുനരാരംഭിക്കുന്നതിന് പതിബെൽ കമ്പനി 14 വ്യവസ്ഥകളാണ് മുന്നോട്ടുവെച്ചിട്ടുള്ളത്. (വ്യവസ്ഥകൾ അനുബന്ധമായി വച്ചിരിക്കുന്നു) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പതിബെൽ കമ്പനി ഇതിനകം എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയത്; ഇതിന്റെ ഫലമായി എത്ര കിലോമീറ്റർ റോഡ് വികസിപ്പിക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കുമോ;

(സി) പതിബെൽ കമ്പനി ഇതിനകം 128 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയത്. കെ.എസ്.റ്റി.പി - 1 പദ്ധതിയുടെ ഏകദേശം 55% പണികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്. ഇതിൽ പല ഭാഗങ്ങളിലായി 36.76 കി.മീ. ദൂരം ബിറ്റുമിൻ കോൺക്രീറ്റ് (ബി.സി) തലം വരെയും, 72.35 കി.മീ. ദൂരം ഡെൻസ് ബിറ്റുമിൻ കോൺക്രീറ്റ് (ഡി.ബി.എം)തലം വരെയും, 76.61 കി.മീ. ദൂരം മെറ്റലിംഗ് തലം വരെയും, പണികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) റോഡ് വികസന പദ്ധതി പുനഃരാരംഭിക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

(ഡി) റോഡ് വികസന പദ്ധതി പുനരാരംഭിക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

ക്രമ നം.

## പരമ് ബെൽ കമ്പനിയുടെ നിബന്ധനകൾ

1) ഇപ്പോൾ നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ കരാറിന്റെ 69.1 വ്യവസ്ഥ അനുസരിച്ചുള്ള ടെർമിനേഷൻ നോട്ടീസ് [illegible] കമ്പനിയുടെ ടെർമിനേഷൻ നോട്ടീസിനെതിരായി [illegible] നടപടി എത്രയും വേഗം പിൻവലിക്കണം

2) 15.12.2006 മുതൽ ചെയ്ത എല്ലാ പണി കൾക്കും ഇനി ചെയ്യുവാനുള്ള [illegible] അവയുടെ ബി.ഒ.ക്യൂ നിരക്കിനെക്കാളും 30% അധികം കൂടി നൽകണം. ഈ 30% നിരക്കു വർദ്ധന കമ്പനിക്ക് കരാർ പ്രകാരം കിട്ടാവുന്ന എന്തി [illegible]

3) കമ്പനിക്ക് നിർത്തി വയ്ക്കുകയും അതിന് ശേഷം [illegible] മറ്റും കമ്പനി തിരികെ നൽകിയതിനാലും ഇനി വിദേശ [illegible] പ്രോത്സാഹിപ്പിക്കുന്നതിന് രണ്ടു കോടി രൂപയോളം ഗവൺമെന്റ് നൽകണം. ഇത് തിരിച്ചു പിടിയ്ക്കാൻ പാടില്ല.

4) കൊടുക്കുവാനുള്ള ബിൽ തുകയായ 15.04 കോടി രൂപ പലിശയുൾപ്പെടെ എത്രയും വേഗം കമ്പനിയ്ക്ക് നൽകണം.

5) പണികൾ പുനരാരംഭിച്ചതിനു ശേഷം വരുന്ന ഓരോ ബില്ലിന്റെയും തുക മൂന്നു ദിവസത്തിനകം കമ്പനിയ്ക്ക് നൽകണം.

6) കമ്പനിയ്ക്ക് ഇനി നൽകുവാനുള്ള മുഴുവൻ തുകകളും ഇന്ത്യൻ രൂപയിൽ തന്നെ നൽകണ ം. ഇതനുസരിച്ച് നിലവിലുള്ള കരാറിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതാണ്.

7) ഇനി തീർക്കുവാനുള്ള പണികൾക്ക് വേണ്ടി വരുന്ന സമയമനുസരിച്ച് കരാറിന്റെ കാലാവധി 2006 ജൂൺ-1 മുതൽ നീട്ടി കൊടുക്കണം. കമ്പനി ഇനി ചെയ്യുവാനുള്ള പണ ികൾക്കുള്ള വർക്ക് പ്രോഗ്രാം സമർപ്പിക്കുന്നതാണ്. ഇങ്ങനെ നീട്ടികിട്ടുന്ന കാലാവധിയിൽ കമ്പനി യ്ക്കുണ്ടാകുന്ന നഷ്ടത്തിന്റെയും മറ്റു ചിലവുകൾക്കുമുള്ള ക്ലെയിം ഉന്നയിക്കു വാനുള്ള അവകാശം കമ്പനിയ്ക്കുണ്ടാ യിരിക്കുന്നതാണ്.

8) കരാർ നീട്ടുന്നതുകൊണ്ട് കമ്പനിയ്ക്കു ണ്ടാകുന്ന അധിക ചിലവുകൾക്കുള്ള ക്ലെയിമുകൾ ഉപേക്ഷിക്കുവാൻ കമ്പനി തയ്യാറല്ല. കരാറിന്റെ 67.1 വ്യവസ്ഥകൾ ക്കനുസരിച്ചുള്ള (തർക്കവും അവയുടെ പരിഹാരവും) എല്ലാ അവകാശ ങ്ങളും കമ്പനിയ്ക്ക് ഉണ്ടായിരിക്കു ന്നതാണ്.

9) കരാറനുസരിച്ച് തർക്കങ്ങളും മറ്റും പരിഹരിക്കുന്നതിനുള്ള ഡി.ആ.ബി/ആ ർബിട്രേഷൻ വ്യവസ്ഥകൾ ഉപയോഗി ക്കുന്നതിനുള്ള അവകാശം കമ്പനിയ്ക്കു ണ്ടായിരിക്കുന്നതാണ്.

10) 12/6/2006-ലെ ഡി.ആ.ബി തീരുമാ നത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതനുസ രിച്ച് ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കും എന്നറിയിച്ചു കൊണ്ടുള്ള 21/3/2006-ലെ ഫിനാൻസ് കൺട്രോളറുടെ കത്ത് പിൻവലിച്ചതിനാൽ കമ്പനിയിൽ നിന്ന് ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കുവാൻ പാടുള്ളതല്ല. കമ്പനി ഗവൺമെന്റിന് ഒരു കാരണവശാലും ലിക്വിഡേറ്റഡ് ഡാമേജസ് കൊടുക്കുവാൻ ബാധ്യസ്ഥരല്ല.

11) ഡീസലിന്റെ എക്സൈസ് ഡ്യൂട്ടി കിഴിവ് കിട്ടുന്നതിനു വേണ്ടി ഗവൺമെന്റ് കമ്പനിയ്ക്ക് എക്സൈസ് ഡ്യൂട്ടി എക്സംപ്ഷൻ സർട്ടിഫിക്കറ്റ് നൽകേ ണ്ടതാണ്.

12) കമ്പനിയുടെ ബാങ്ക് ഗ്യാരണ്ടി ഈടാക്കുന്നതു സംബന്ധിച്ച് ഗവൺമെന്റ് ബാങ്കുകൾക്ക് നൽകിയിട്ടുള്ള എല്ലാ കത്തുകളും പിൻവലിക്കേണ്ടതാണ്.

13) ഇനി കൊടുക്കുവാനുള്ള ബിൽ തുകയിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസ് [illegible] തിരിച്ചു പിടിക്കരുത്. പണി തുടങ്ങിയതിനു ശേഷം വരുന്ന ബില്ലു കളിൽ നിന്നും ഇത് ഈടാക്കാവുന്ന താണ്.

14) കരാറിന്റെ 69.1 നിബന്ധന അനുസരിച്ച് കരാർ ജോലികൾ കമ്പനി നിർത്തി വച്ചു എങ്കിലും കരാർ ഇപ്പോഴും നിലവി ലുള്ളതും ഈ [illegible] എല്ലാ കാര്യങ്ങളും കരാറനുസരിച്ച് പരിഹരിക്കേ ണ്ടതുമാകുന്നു.

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 45

05.09.2007 -ൽ മറുപടിക്ക്

## സ്വാമിനാഥൻ കമ്മീഷൻ ശുപാർശകൾ നടപ്പാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴികാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ കാർഷിക പ്രതിസന്ധിക്ക് പരിഹാരം നിർദ്ദേശിക്കുവാൻ നിയോഗിക്കപ്പെട്ട എം.എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാനപ്പെട്ട ശുപാർശകൾ എന്തെല്ലാമാണ്; | എ) കരട് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. അതിന്മേലുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കമ്മീഷന് നൽകിയിട്ടുമുണ്ട്. കമ്മീഷൻ സമർപ്പിച്ച കരട് റിപ്പോർട്ടിൽ കുട്ടനാട് മേഖലയിലെ പാരിസ്ഥിതിക സുരക്ഷ ഉറപ്പാക്കുന്നതിനും ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾ വിപുലപ്പെടുത്തുന്നതിനുമായുള്ള നിർദ്ദേശങ്ങളാണ് പ്രധാനമായും ഉൾക്കൊള്ളിച്ചിരിക്കുന്നത്. കുട്ടനാട് മേഖലയിലെ കാർഷിക പ്രശ്നങ്ങൾ, ചെറുകിട കൃഷിയിടങ്ങളുടെ പരിപാലനം, പ്രകൃതി വിഭവങ്ങളുടെ പരിപാലനം, പാരിസ്ഥിതിക പരിപാലനം, ഉപജീവന മാർഗ്ഗം, സാങ്കേതിക കടമ്പകൾ മറികടക്കൽ, പരിശീലനം, അടിസ്ഥാന സൗകര്യം, വിപണനം, സേവന മേഖല എന്നീ വിഷയങ്ങൾ റിപ്പോർട്ടിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരുമായി സംസ്ഥാനം ആശയ വിനിമയം നടത്തിയോ; വിശദമാക്കുമോ; | ബി) ആലപ്പുഴ, ഇടുക്കി ജില്ലകളിലെ കാർഷിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്ര സഹായത്തിന് സംസ്ഥാനം നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. പ്രധാന മന്ത്രിയുമായും |

കേന്ദ്ര കൃഷിമന്ത്രിയുമായും സംസ്ഥാനം പല തവണ ചർച്ച നടത്തിയിട്ടുണ്ട്. എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, ആലപ്പുഴ സന്ദർശിച്ച അവസരത്തിൽ കൃഷിമന്ത്രി നേരിട്ട് കണ്ട് ചർച്ച നടത്തുകയും, കേരളത്തിന്റെ ആവശ്യങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| സി) പ്രസ്തുത ശുപാർശകൾ നടപ്പിലാക്കുന്നതിന് സമയ ക്ലിപ്തത കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ; | സി) ഇല്ല |
| ഡി) സ്വാമിനാഥൻ കമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുവാനുള്ള കേന്ദ്ര സഹായം സത്വരമായി ലഭ്യമാക്കുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 46. 05-09-07-ൽ മറുപടിക്ക്

## അനധികൃത മദ്യ വ്യാപാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ഹംസ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. സാജുപോൾ | | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | അനധികൃത മദ്യവ്യാപാരവും വാറ്റും തടയുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) | അനധികൃത മദ്യവ്യാപാരവും വാറ്റും തടയുന്നതിന് പട്രോളിംഗ് ശക്തമാക്കിയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുകൂടാതെ സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, കുടുംബശ്രീ യൂണിറ്റുകൾ, ഫോറസ്റ്റ്, പോലീസ്, റവന്യൂ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടി, റെയ്ഡുകൾ തുടങ്ങിയവ നടത്തുന്നുണ്ട്. സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ശക്തമായ വാഹന പരിശോധന നടത്തി വരുന്നുണ്ട്. സർക്കാരിന്റെ 15-6-07-ലെ ജി.ഒ. (എം.എസ്.) 135/07/റ്റി.ഡി., 26-07-07-ലെ ജി.ഒ. (എം.എസ്.) 168/07/റ്റി.ഡി. എന്നീ ഉത്തരവുകൾ പ്രകാരം ജനകീയ കമ്മിറ്റികൾ പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിനായി രൂപീകരിച്ച ജില്ലാതല കമ്മിറ്റിയുടെ പ്രവർത്തനം തൃപ്തികരമാണോ; | (ബി) | താരതമ്യേന മുൻവർഷങ്ങളേക്കാൾ പൊതുവേ തൃപ്തികരമാണ്. |

| | | | |
|---|---|---|---|
| (സി) | മദ്യത്തിനും മയക്കുമരുന്നിനു മെതിരെ ബോധവൽക്കരണം നടത്തുന്നതിന് എക്സൈസ് വകുപ്പിനു പദ്ധതിയുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 2007-08 സാമ്പത്തിക വർഷത്തിൽ മദ്യ മയക്കുമരുന്ന് ഉപയോഗത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ നിന്നും ഒരു ലക്ഷം രൂപ വീതം 14 ജില്ലകളിലെയും അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതു കൂടാതെ "കളക്ടേഴ്സ് ഫണ്ട് ഫോർ എൻഫോഴ്സ്മെന്റ് ആന്റ് പ്രൊഹിബിഷൻ പോളിസി - 2039-00-001-96 " എന്ന ഹെഡ്ഡിൽ അനുവദിച്ച 7 ലക്ഷം രൂപയിൽ നിന്നും 50,000/- രൂപ വീതം 14 ജില്ലകളിലെയും കളക്ടർമാർക്ക് അനുവദിച്ചു നൽകുകയുണ്ടായി. ബോധവൽക്കരണ പ്രവർത്തനങ്ങൾ ആസൂത്രിതമായി സംഘടിപ്പിക്കുന്നതിനുവേണ്ടി ജില്ലാ തലങ്ങളിൽ സ്കൂളുകളും, കോളേജുകളും തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മദ്യ മയക്കുമരുന്നുകളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന വിപത്തിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും ഡോക്യുമെന്ററി, ചിത്രപ്രദർശനങ്ങളും നടത്തി വരുന്നു. |
| (ഡി) | വ്യാജമദ്യത്തെപ്പറ്റി വിവരം നൽകുന്നവർക്ക് പാരിതോഷികം നൽകുന്ന പദ്ധതിയുടെ പ്രയോജനം കഴിഞ്ഞ ഒരു വർഷ കാലത്ത് എത്ര പേർക്ക് ലഭിച്ചു എന്ന് അറിയിക്കുമോ? | (ഡി) | വ്യാജ മദ്യത്തിനെപ്പറ്റി വിവരം നൽകുന്നവർക്ക് പാരിതോഷികം നല്കുന്ന പദ്ധതി കഴിഞ്ഞ വർഷം നടപ്പിലായിരുന്നില്ല. |

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 47

05.09.2007 ൽ മറുപടിയ്ക്ക്

### എക്സൈസ് സേനയുടെ നവീകരണം

**ചോദ്യം**

ശ്രീ. വി.സുരേന്ദ്രൻപിള്ള:
ശ്രീ. പി.ജെ.ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:

**ഉത്തരം**

ശ്രീ. പി.കെ.ഗുരുദാസൻ
(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

എ) എക്സൈസ്സേനയെ ശക്തിപ്പെടുത്തുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

ബി) എങ്കിൽ പുതിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

എ) യും ബി) യും

എക്സൈസ് സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ച് നടപ്പിലാക്കി വരുന്നു. പുതിയതായി 11 എക്സൈസ് റേഞ്ച് ആഫീസുകൾ ആരംഭിക്കുകയും 278 തസ്തികകൾ അനുവദിക്കുകയുമുണ്ടായി. ആധുനികവത്കരണത്തിന്റെ ഭാഗമായി 20 പുതിയ ജീപ്പുകളും 30 മോട്ടോർ സൈക്കിളുകളും വാങ്ങി നൽകുകയുണ്ടായി. എക്സൈസ് സേനയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പരിശീലനം ലഭ്യമായിട്ടില്ലാതിരുന്ന 1018 എക്സൈസ് ഗാർഡുമാർക്കും 50 പ്രിവന്റീവ് ഓഫീസർമാർക്കും തൃശ്ശൂരിലെ പോലീസ് അക്കാഡമിയിൽ പരിശീലനം നൽകുകയുണ്ടായി. വകുപ്പിന്റെ സ്വന്തമായ സ്റ്റേറ്റ് എക്സൈസ് അക്കാഡമി ആന്റ് റിസർച്ച് സെന്ററിന്റെ പ്രവർത്തനം ആരംഭിച്ച് പുരോഗമിച്ച് വരുന്നു. അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,85,00,000/- രൂപയുടെ പ്രൊജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആധുനിക വാർത്താ വിനിമയ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എക്സൈസ് ഇൻസ്പെക്ടർമാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് മൊബൈൽ ഫോണുകൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന് VHF (Very High Frequency) വയർലെസ് സെറ്റുകൾ നൽകുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ആധുനികവത്കരണത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ കമ്പ്യൂട്ടർവത്കരണം നടന്നുവരുന്നു. സർക്കാരിന്റെ ഐ.റ്റി.നയത്തിന്റെ ഭാഗമായി ബ്ലോക്കുതല ഓഫീസുകൾക്ക് വയർലെസ്

| | | | |
|---|---|---|---|
| | | | കണക്റ്റിവിറ്റി നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർവ്വെ നടത്തി എല്ലാ സർക്കിൾ ഓഫീസുകളിലും ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിന് ഐ.റ്റി.മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ വെബ് സൈറ്റ് ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. എക്സൈസ് വകുപ്പ് ആധുനികവൽകരണത്തിന്റെ ഭാഗമായി എക്സൈസ് ഇൻസ്പെക്ടർ വരെയുള്ള ഉദ്യോഗസ്ഥർക്ക് റിവോൾവർ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 218 എക്സൈസ് ഇൻസ്പെക്ടർമാർക്കും 30 അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർമാർക്കും റിവോൾവർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം തൃശ്ശൂരിലെ പോലീസ് അക്കാദമിയിൽ പൂർത്തിയായി കഴിഞ്ഞു. എക്സൈസ് ആസ്ഥാനമന്ദിരത്തിനായുള്ള തിരുവനന്തപുരത്തെ ഹെഡ്കോർട്ടേഴ്സിന്റെ പണി ധ്രുതഗതിയിൽ നടന്നു വരുന്നു. |
| സി) | എക്സൈസ് അക്കാദമിയുടേയും ഗവേഷണ കേന്ദ്രത്തിന്റേയും നിർമ്മാണ പ്രവർത്തനങ്ങൾ എന്തുവരെയായെന്ന് വെളിപ്പെടുത്താമോ ; | സി) | എക്സൈസ് അക്കാദമിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 3,85,00,000/- രൂപയുടെ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അക്കാദമിയുടെ കെട്ടിട നിർമ്മാണം ഇതുവരെ തുടങ്ങിയിട്ടില്ല. അക്കാദമിയും ഗവേഷണ കേന്ദ്രവും 2004-ൽ സ്ഥാപിതമായതിനുശേഷം അക്കാദമി വളപ്പിന് ചുറ്റുമതിൽ കെട്ടുകയും 50 ട്രെയിനികൾക്ക് പഠനം നടത്തുവാനും താമസിക്കുവാനും പാകത്തിൽ ക്ലാസ് റൂമുകൾ, ഡൈനിംഗ് ഹാൾ എന്നിവ നിർമ്മിക്കുകയും, ആവശ്യമായ പാചക ഉപകരണങ്ങളും ഭക്ഷണ പാത്രങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്. ഓഫീസ് പ്രവർത്തനത്തിന് ആവശ്യമായ ഫർണീച്ചറും വാങ്ങിയിട്ടുണ്ട്. ഇപ്പോൾ ഹ്രസ്വകാല ഇൻസർവ്വീസ് കോഴ്സുകൾ നൽകുവാൻ പാകത്തിൽ അക്കാദമിയിൽ ക്രമീകരണങ്ങൾ ആയിട്ടുണ്ട്. |
| ഡി) | ഏത് കാലയളവിനുള്ളിൽ പണി പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | ഡി) | ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം പണി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 48

05.09.2007 ൽ മറുപടിക്ക്

## കശുവണ്ടി ഫാക്ടറികളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി. രാഘവൻ<br>ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി.ജയരാജൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിലുള്ള കശുവണ്ടി ഫാക്ടറികൾ നവീകരിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികളിൽ നിലവിലുള്ള ഷെഡുകൾ തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുതകുന്ന വിധത്തിൽ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്കായി പദ്ധതി വിഹിതമായി 50 ലക്ഷം രൂപ കോർപ്പറേഷന് നൽകിയിട്ടുണ്ട്. വിദേശ വിപണിയെ ലക്ഷ്യമിട്ട് കോർപ്പറേഷന്റെ പീലിംഗ് യൂണിറ്റുകൾ ആധുനികവൽക്കരിക്കുന്നതിനും കോർപ്പറേഷന്റെ കോഴിക്കോട് ജില്ലയിലുള്ള ഗോഡൗണും, കളവും ഉപയോഗപ്പെടുത്തി കുക്കിംഗ് & കട്ടിംഗ് സംവിധാനത്തിലുള്ള ആധുനിക കാഷ്യു പ്രോസസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (ബി) ഫാക്ടറികളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് ഉദ്ദേശമുണ്ടോ ; | (ബി)യും(സി) യും ഉണ്ട്. കോർപ്പറേഷൻ ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ പ്രവർത്തിപ്പിക്കുന്നതിനാ- |

(സി) എങ്കിൽ ഇതിനായി എത്ര തൊഴി-
ലാളികളെ കൂടുതലായി നിയമിക്കും ;

വശ്യമായ നടപടിക്രമങ്ങൾ സ്വീകരിച്ച് പ്രവർത്തനം വിപുലീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കൃത്യമായി എത്രത്തോളം തൊഴിലാളികളെ കൂടുതലായി നിയമി-ക്കേണ്ടി വരുമെന്ന് കണക്കാക്കുന്നതാണ്.

(ഡി) ആഭ്യന്തര വിപണി ലക്ഷ്യമിട്ട് ബ്രാൻഡ് നെയിമിൽ പുറത്തിറക്കിയ കശുവണ്ടിപരിപ്പിന്റെ വിപണി എങ്ങനെയാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ആഭ്യന്തര വിപണി ലക്ഷ്യമിട്ട് "CDC കാഷ്യൂസ്" എന്ന ബ്രാൻഡ് നെയിമിൽ പുറത്തിറക്കിയ കശുവണ്ടി പരിപ്പിന് വിപണിയിൽ നല്ല പ്രതികരണമാണ് ലഭിച്ചു കൊണ്ടിരിക്കുന്നത്. നിലവിൽ കേരളത്തിലെ വിവിധ ഭാഗങ്ങളിൽ കശുവണ്ടിപരിപ്പ് വിൽപ്പനയ്ക്ക് ഫ്രാഞ്ചൈസി ഉൾപ്പെടെ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന് പുറമെ വിവിധ ജില്ലകളിലെ ഔട്ട് ലെറ്റുകൾ, കൺസ്യൂമർഫെഡ്, ത്രിവേണി സൂപ്പർ മാർക്കറ്റുകൾ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഔട്ട് ലെറ്റുകൾ എന്നിവ വഴിയും "CDC കാഷ്യൂസ് " കശുവണ്ടി വിറ്റഴിക്കു- ന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം (2006-07) ഏകദേശം 85 ലക്ഷം രൂപ വിലയുള്ള ബ്രാൻഡ് നെയിമിലുള്ള കശുവണ്ടിപരിപ്പ് ആഭ്യന്തര വിപണിയിൽ വിറ്റഴിച്ചിട്ടുണ്ട്.

(ഇ) കശുവണ്ടിപരിപ്പ് മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി വിപണിയിലെത്തിക്കാനുള്ള നടപടി എന്തെല്ലാമായിരിക്കുമെന്ന് അറിയിക്കുമോ ?

(ഇ) കാഷ്യൂ സൂപ്പ്, കാഷ്യൂ ബിവറേജ് പൗഡർ, കാഷ്യൂ ബിസ്ക്കറ്റ്, കാഷ്യൂ പൗഡർ എന്നീ 4 പുതിയ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ വിപണിയിലിറക്കാനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. 2007-08 വർഷം തന്നെ ഈ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാൻ കഴിയു മെന്ന് പ്രതീക്ഷിക്കുന്നു. ഇവയുടെ കമേഴ്സ്യൽ ഉൽപാദന ത്തിനുള്ള നടപടികൾ കോർപ്പറേഷന്റെ 1-ാം നമ്പർ കൊട്ടിയം ഫാക്ടറിയിൽ ആരംഭിച്ചിട്ടുള്ളതും ഇതിലേക്കാ വശ്യമായ മെഷീനറികൾ എത്തിച്ചേർന്നിട്ടുള്ളതുമാണ്. മെഷീനറികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീക രിച്ചു വരികയാണ്. പുതിയ ഉൽപന്നങ്ങളുടെ വിജയത്തെ സംബന്ധിച്ച് മാർക്കറ്റ് സർവ്വേ നടത്തിയിട്ടുള്ളതും ഫലം ആശാവഹവുമാണ്. നിലവിലുള്ള വാല്യൂ ആഡഡ് ഉൽപന്നങ്ങളായ സാൾട്ടഡ് കാഷ്യൂ, റോസ്റ്റഡ് കാഷ്യൂ

എന്നിവയ്ക്ക് പുറമെയാണ് മേൽ പറഞ്ഞ ഉൽപ്പന്നങ്ങൾ വിപണിയിൽ ഇറക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :49

3-9-2007-ൽ മറുപടിയ്ക്ക്

## ഗവൺമെൻറ് ഗസ്റ്റ് ഹൗസുകൾ നവീകരിക്കാൻ പദ്ധതി.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ. എ.എം.ആരിഫ് :<br>ശ്രീമതി.ജെ.അരുന്ധതി :<br>ശ്രീ.എം.ഹംസ :<br>ശ്രീ.മഞ്ഞളാം കുഴി അലി : | | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി). | |
| (എ) | ഗവൺമെൻറ് ഗസ്റ്റ് ഹൗസുകൾ നവീകരിക്കാൻ പദ്ധതിയുണ്ടോ ; എങ്കിൽ അവ വിശദമാക്കുമോ : | (എ) | ഉണ്ട്. പ്രധാന ഗസ്റ്റ് ഹൗസുകളുടെ നവീകരണത്തിനുള്ള പദ്ധതികൾ നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെല്ലാം ഗസ്റ്റ് ഹൗസുകൾ നവീകരിക്കുകയോ വിപുലീകരിക്കുകയോ ചെയ്തിട്ടുണ്ട് ; | (ബി) | കൊല്ലം, പൊൻമുടി, കണ്ണൂർ, സുൽത്താൻ ബത്തേരി എന്നീ ഗസ്റ്റ് ഹൗസുകളുടെയും, തിരുവനന്തപുരം യാത്രി നിവാസിന്റെയും നവീകരണ പ്രക്രിയ നടന്നുകൊണ്ടിരിക്കുന്നു. മൂന്നാർ, പീരുമേട് എന്നിവിടങ്ങളിൽ അഡീഷണൽ ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. |
| (സി) | ടൂറിസ്റ്റുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഗസ്റ്റ് ഹൗസുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | കേരളത്തിൽ വരുന്ന ടൂറിസ്റ്റുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി എറണാകുളം ഗസ്റ്റ് ഹൗസിലെ 50 ശതമാനം മുറികളും, ജില്ലാ ആസ്ഥാനങ്ങളിലെ ഗസ്റ്റ് ഹൗസുകളിലെ 30 ശതമാനം |

മുറികളും, ടൂറിസ്റ്റ് സെൻററുകളിൽ സ്ഥിതിചെയ്യുന്ന ഗസ്റ്റ് ഹൗസുകളിലെ 60 ശതമാനം മുറികളും ടൂറിസ്റ്റുകൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള രീതിയിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പുതിയ ഗസ്റ്റ് ഹൗസുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണിക്കുമോ ? | (ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 50. 05-09-07-ൽ മറുപടിക്ക്

## വ്യാജ മദ്യക്കടത്ത്

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. സി.കെ. സദാശിവൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ഓണക്കാലത്ത് കേരളത്തിലേയ്ക്കുള്ള വ്യാജ മദ്യകടത്ത് തടയുന്നതിന് പ്രത്യേകം സംവിധാനം ഏർപ്പെടുത്തിയിരുന്നോ; | (എ) ഏർപ്പെടുത്തിയിരുന്നു. |
| (ബി) ഇതിന്റെ ഫലമായി എത്രമാത്രം വ്യാജമദ്യവും സ്പിരിറ്റും പിടിച്ചുവെന്ന് വെളിപ്പെടുത്തുമോ; | (ബി) ഓണം സ്പെഷ്യൽ ഡ്രൈവ് കാലയളവിൽ സംസ്ഥാനത്ത് ആകെ പിടിച്ചെടുത്ത മദ്യത്തിന്റെ അളവ് ചുവടെ കൊടുക്കുന്നു.<br><br>സ്പിരിറ്റ് - 1,10,807.60 ലിറ്റർ<br>ചാരായം - 9,588.40 ലിറ്റർ<br>ഇന്ത്യൻ നിർമ്മിത<br>വിദേശ മദ്യം - 3,138.979 ലിറ്റർ |
| (സി) കള്ളുഷാപ്പുകളിലെ വ്യാജ കള്ള് വില്പന തടയുന്നതിന് ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ഈ സാമ്പത്തിക വർഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; | (സി) കള്ളുഷാപ്പുകളിൽ വ്യാജ കള്ള് വില്പന തടയുന്നതിന് നിരന്തര പരിശോധന നടത്തുകയും കള്ളിന്റെ സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്തു വരുന്നു. ഇതു സംബന്ധിച്ച് ആകെ 10 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) വ്യാജ കള്ള് കണ്ടുപിടിക്കാനുള്ള ലാബോറട്ടറി സൗകര്യം വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) വ്യാജകള്ള് കണ്ടുപിടിക്കുന്നതിന് സംസ്ഥാനത്ത് 3 ലാബുകളിലായി 60 ലക്ഷം രൂപയുടെ ആധുനിക പരിശോധനാ സാമഗ്രികൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 51 — 05.09.2007-ൽ മറുപടിയ്ക്ക്

ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ചെന്താമരാക്ഷൻ,<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. ബാബു.എം. പാലിശ്ശേരി,<br>ശ്രീ. രാജു എബ്രഹാം,<br>ശ്രീ.വി. ശിവൻകുട്ടി. | (ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) ടൂറിസം വകുപ്പ് മറ്റ് സംസ്ഥാനങ്ങളിൽ ഇൻഫർമേഷൻ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ ഏതെല്ലാം സംസ്ഥാനങ്ങളിൽ ആണെന്നും അതിലൂടെ ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് എത്രത്തോളം വർദ്ധിപ്പിക്കാൻ കഴിയുമെന്നും വെളിപ്പെടുത്തുമോ; | എ) മറ്റ് സംസ്ഥാനങ്ങളിൽ ഇൻഫർമേഷൻ ഓഫീസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ബംഗാളിലെ കൊൽക്കത്തയിലും കർണ്ണാടകയിലെ മൈസൂറിലും ആണ് ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇതുവഴി സംസ്ഥാനത്തേയ്ക്ക് ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവ് ഗണ്യമായി വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| ബി) ഡൽഹിയിൽ ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഓഫീസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ തസ്തിക മുംബയ് കേരളാ ഹൗസിൽ നിന്നും ഡൽഹിയിലേയ്ക്ക് താൽക്കാലികമായി മാറ്റി പ്രസ്തുത തസ്തികയിൽ ഒരു ഡെപ്യൂട്ടി ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഡെപ്യൂട്ടി ഡയറക്ടറുടെ കീഴിൽ ഒരു ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസറും ഒരു ഇൻഫർമേഷൻ അസിസ്റ്റന്റും ഒരു പ്യൂണും ജോലി ചെയ്യുന്നുണ്ട്. |
| സി) ടൂറിസം വികസനത്തിനായി കൂടുതൽ കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് ഡൽഹിയിലെ നിലവിലുള്ള ഓഫീസ് സംവിധാനം പര്യാപ്തമാണോയെന്ന് പരിശോധിക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ –52 5.9.2007 ൽ മറുപടിക്ക്

## തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. പി.വിശ്വൻ<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീമതി. കെ.കെ.ലതിക | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) കാലവർഷത്തിൽ തകർന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) പ്രകൃതി ക്ഷോഭത്തിൽ കേടുപാടുകൾ സംഭവിച്ച റോഡുകളുടെ അടിയന്തിര അറ്റകുറ്റപ്പണികൾ ക്വൊട്ടേഷൻ വിളിച്ച് ചെയ്യുന്നതിന് 29-6-07-ലെ ജി. ഒ. (എം എസ്) നമ്പർ 61/07/പൊമ വ പ്രകാരം അനുമതിനൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം കാലവർഷ കെടുതികൾ മൂലമുണ്ടാകുന്ന അറ്റകുറ്റപ്പണികൾക്കായി നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 21.60 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്.<br>ഇതിനു പുറമേ 50 കോടി രൂപ കൂടി ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർക്കുന്നതിനായി ലഘു ദർഘാസുകൾ ഈ -മെയിൽ മുഖേന ക്ഷണിക്കുകയും. കരാറുകാരുടെ സംഘടനകളെയും കരാറുകാരെയും അറിയിക്കുകയും PWD Web site ൽ പരസ്യപ്പെടുത്തുകയും PRD വകുപ്പിനെ അറിയിക്കുകയും ചെയ്തു. ഇങ്ങനെലഭിച്ച കരാറുകൾവഴി പ്രവൃത്തികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തിവരുന്നു.<br>ദേശീയപാതാവിഭാഗത്തിൽ പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് ടെണ്ടറുകൾ ക്ഷണിച്ചിട്ടുണ്ട്. കാലവർഷം തീരുന്നമുറയ്ക്ക് പ്രവൃത്തി പൂർത്തീകരിയ്ക്കാനാകും. |

കെ.എസ്.റ്റി.പി യിലും കാലവർഷം മൂലം തകർന്നറോഡുകളുടെ മെയിന്റനൻസ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കു കയും അതിനുള്ള ക്വട്ടേഷൻ ക്ഷണിച്ച് പണികൾ നടത്തിവരുകയും ചെയ്യുന്നു..

(ബി) ഈ റോഡുകൾ നന്നാക്കുന്നതിന് എത്ര കോടിരൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി)നിരത്തുകളും പാലങ്ങളും വിഭാഗത്തിന് 198 കോടി രൂപയും, ദേശീയ പാതാവിഭാഗത്തിന് 121 കോടി രൂപയും കെ.എസ്.റ്റി.പി. യ്ക്ക് 2.14 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കി യിട്ടുള്ളത്.

(സി) ഇതിനായി എത്രകോടി രൂപ അനുവദിച്ചിട്ടുണ്ട്;

(സി) നിരത്തുകളും പാലങ്ങളും വിഭാഗത്തിന് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 21.60 കോടി രൂപയ്ക്ക് പുറമേ 50 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്. കെ.എസ്.റ്റി.പി 2.14 കോടി രൂപയുടെ പണികൾക്ക് അനുമതി നൽകി യിട്ടുണ്ട്. ദേശീയ പാതാവിഭാഗത്തിന് കേന്ദ്ര മന്ത്രാലയം ഇതിനായി പ്രത്യേകഫണ്ട് അനുവദിച്ചിട്ടില്ല

(ഡി) പ്രകൃതിക്ഷോഭംമൂലം തകർന്ന റോഡുകൾ നന്നാക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രത്യേക സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ?

(ഡി) നൽകിയിട്ടില്ല

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 53 — 05.09.2007 -ൽ മറുപടിയ്ക്ക്

## നാളികേര സംഭരണത്തിനുള്ള കേന്ദ്ര സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. ബി. ബാബു പ്രസാദ്<br>ശ്രീ. ജോർജ് മേഴ്സിയർ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) നാളികേരം സംഭരിക്കുന്നതിന് ധനസഹായം ലഭ്യമാക്കാമെന്ന് കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ടോ; | എ) കേരളം നിരന്തരം ആവശ്യപ്പെട്ടിട്ടും കേന്ദ്രം നാളികേരത്തിന്റെ സംഭരണത്തിന് ധനസഹായമോ, താങ്ങുവിലയോ നിശ്ചയിച്ചിട്ടില്ല. |
| ബി) എങ്കിൽ ഈ വിവരം കേന്ദ്ര സർക്കാർ സംസ്ഥാനത്തെ എന്നാണ് അറിയിച്ചത്;<br>സി) അതിനുള്ള തുക കൈപ്പറ്റുവാൻ സംസ്ഥാനത്തിനു കഴിഞ്ഞിട്ടുണ്ടോ;<br>ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വെളിപ്പെടുത്തുമോ;<br>ഇ) ധനസഹായത്തിനുള്ള അപേക്ഷ കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ;<br>എഫ്) എങ്കിൽ പ്രസ്തുത അപേക്ഷ സമർപ്പിച്ചതെന്നാണെന്നു വെളിപ്പെടുത്തുമോ? | (ബി), (സി), (ഡി), (ഇ) & (എഫ്)<br>നാളികേര സംഭരണത്തിന് ധനസഹായമോ, താങ്ങുവിലയോ കേന്ദ്രം പ്രഖ്യാപിക്കാത്ത സാഹചര്യത്തിൽ ചോദ്യം ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 54

05.09.2007 -ൽ മറുപടിക്ക്

## കാർഷിക മേഖലയിലെ വിപണന നയം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. രാജാജി മാത്യു തോമസ്<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. കെ. രാജു | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിൽ വിപണന നയം കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഈ വിപണന നയം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നും എപ്പോൾ മുതൽ ഇതു നടപ്പിലാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ; | ബി) കേരളത്തിലെ കാർഷിക വിപണന രംഗത്ത് നിലനിൽക്കുന്ന ചൂഷണം, ഇടത്തട്ടുകാരുടെ ഇടപെടൽ തുടങ്ങിയവ ഒഴിവാക്കി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും കാർഷിക വിപണനത്തിൽ ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുകയറ്റം തടയുന്നതിനും സർക്കാരിന്റെ നിയന്ത്രണമുണ്ടാകുന്നതിനും വേണ്ടിയാണ് സംസ്ഥാന ഗവൺമെന്റ് ഒരു കാർഷിക വിപണി നിയന്ത്രണ നിയമം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നത്. ഇത് കഴിയുന്നത്ര വേഗത്തിൽ നടപ്പിലാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണ്. |

- — — .

(സി) കുത്തകകളുടെയും ഇടത്തട്ടുകാരുടെയും ചൂഷണങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

(സി) കുത്തകകളുടെയും ഇടത്തട്ടുകാരുടെയും ചൂഷണങ്ങളിൽ നിന്നും കർഷകരെ രക്ഷിക്കുന്നതിന് കഴിയുംവിധത്തിലുള്ള ഒരു [കാർഷിക] വിപണി നിയന്ത്രണ നിയമം നടപ്പിൽ വരുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത നിയമം കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക, കർഷകരെ വ്യാപാര ചൂഷണത്തിൽ നിന്നും മോചിപ്പിക്കുക, ഒരു നല്ല വിപണന ശൃംഖല പടുത്തുയർത്തുക, കാർഷികോല്പന്ന കയറ്റുമതിക്കും സംസ്കരണത്തിനും ഊന്നൽ നൽകുക എന്നിവ ലക്ഷ്യമിടുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 55</u> <u>5/9/2007-ൽ മറുപടിക്ക്</u>

## <u>ദേശീയ ഭക്ഷ്യസുരക്ഷാ മിഷനിൽ കേരളത്തെ ഉൾപ്പെടുത്തുന്നതിന് നടപടി</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. വി.എൻ. വാസവൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പു മന്ത്രി) |
| എ) ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുവാനും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുവാനുമായി ആരംഭിക്കുന്ന ദേശീയ ഭക്ഷ്യസുരക്ഷാ മിഷനിൽ കേരളത്തെ ഉൾപ്പെടുത്തിയിട്ടില്ലന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഏതെല്ലാം ധാന്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത് ; | ബി) അരി, ഗോതമ്പ്, പയർവർഗ്ഗങ്ങൾ എന്നീ ധാന്യവിളകൾ. |
| സി) ഇതിനായി എന്ത് തുകയുടെ പദ്ധതിയാണ് കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് ; | സി) ദേശീയ ഭക്ഷ്യസുരക്ഷാ മിഷനിൽ ഉൾപ്പെടുത്തി 4882.48 കോടി രൂപയുടെ പദ്ധതി 11-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) രാജ്യത്തെ 133 ജില്ലകളിൽ ആരംഭിക്കുന്ന പദ്ധതിയിൽ നിന്നും കേരളത്തെ പൂർണ്ണമായും ഒഴിവാക്കിയ നടപടി പുനഃപരിശോധിക്കുന്നതിനും കേരളത്തെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കേന്ദ്രത്തിൽ ശക്തമായ സമ്മർദ്ദം ചെലുത്തുമോ ? | ഡി) കേരളത്തെക്കൂടി ഉൾപ്പെടുത്തണമെന്ന് കാണിച്ചുകൊണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. തുടർന്നും സമ്മർദ്ദം ചെലുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. * 56.

5.9.2007-ൽ മറുപടിയ്ക്ക്

**കേന്ദ്രം പ്രഖ്യാപിച്ച കാർഷിക പദ്ധതിയിൽ കേരളത്തിന്റെ വിഹിതം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.എഫ്. തോമസ്;<br>ശ്രീ. തോമസ് ഉണ്ണിയാടൻ; | ശ്രീ മുല്ലക്കര രത്നാകരൻ<br>( കൃഷി വകുപ്പ് മന്ത്രി ) |
| (എ) പ്രധാനമന്ത്രി പ്രഖ്യാപിച്ച ഇരുപത്തി അയ്യായിരം കോടി രൂപയുടെ കാർഷിക പദ്ധതിയിൽ കേരളത്തിന് അർഹമായ വിഹിതം നേടിയെടുക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (എ) പ്രധാനമന്ത്രി ഇങ്ങനെ ഒരു പദ്ധതി പ്രഖ്യാപിച്ച വേളയിൽ തന്നെ കേരളത്തിലെ കാർഷിക രംഗത്തുണ്ടായിട്ടുള്ള പ്രതിസന്ധികൾ ചൂണ്ടിക്കാണിച്ചുകൊണ്ട് സംസ്ഥാനത്തിന് അർഹമായ വിഹിതം ലഭിക്കുന്നതിന് വേണ്ടി നിവേദനം സമർപ്പിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് പൂർണ്ണമായ വിവരം ശേഖരിച്ച് വരികയാണ്. കേരളത്തിന് അർഹമായ വിഹിതം നേടിയെടുക്കുന്നതിന് എല്ലാ വിധത്തിലുള്ള നടപടികളും സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 57

06.09.2007 -ൽ മറുപടിക്ക്

## കർഷക കടാശ്വാസ കമ്മീഷൻ റിപ്പോർട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.സി. ജോസഫ്<br>ശ്രീ. കെ. അച്യുതൻ<br>ശ്രീ. എൻ. ശക്തൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കർഷക കടാശ്വാസ കമ്മീഷൻ ഇതിനോടകം എത്ര റിപ്പോർട്ടുകൾ സർക്കാരിന് നൽകിയെന്ന് വെളിപ്പെടുത്തുമോ; | എ) കേരള കർഷക കടാശ്വാസ കമ്മീഷൻ ഇതിനോടകം വയനാട്, ഇടുക്കി ജില്ലകളെ സംബന്ധിച്ച രണ്ട് റിപ്പോർട്ടുകൾ (ശുപാർശകൾ) സർക്കാരിന് നൽകിയിട്ടുണ്ട്. |
| ബി) റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്നും ഇവയിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്താണെന്നും വിശദമാക്കുമോ; | ബി) വയനാട് ജില്ലയിലെ രൂക്ഷമായ കാർഷിക പ്രതിസന്ധി കണക്കിലെടുത്ത് ആ ജില്ലയെ ദുരിത ബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്നായിരുന്നു ശുപാർശ. ഈ ശുപാർശ സർക്കാർ അംഗീകരിക്കുകയും വയനാട് ജില്ലയെ ദുരിതബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും ചെയ്തു.<br><br>ഇടുക്കി ജില്ലയെ സംബന്ധിച്ച റിപ്പോർട്ട് 31.8.2007 ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഏലം, കാപ്പി, തേയില എന്നീ വിളകളെ ദുരിതബാധിത വിളകളായി പ്രഖ്യാപിക്കണമെന്നതാണ് ഈ റിപ്പോർട്ടിലെ മുഖ്യ ശുപാർശ. പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. |

---

സി) കടാശ്വാസ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കിയതുമൂലം എത്ര രൂപയുടെ ചെലവ് ഉണ്ടായെന്ന് വെളിപ്പെടുത്തുമോ?

സി) വയനാട് ജില്ലയിലെ കർഷകരുടെ അപേക്ഷകൾ പരിഗണിക്കുന്നതിനുള്ള കടാശ്വാസ കമ്മീഷൻ സിറ്റിംഗുകൾ സെപ്തംബർ 4 മുതലാണ് ആരംഭിക്കുന്നത്. തുടർന്ന് കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡുകൾ അനുസരിച്ചായിരിക്കും ചെലവ് നിശ്ചയിക്കപ്പെടുക. കടാശ്വാസ കമ്മീഷന്റെ ഭരണനിർവ്വഹണ ചെലവിനത്തിൽ 2007 ആഗസ്റ്റ് മാസം വരെ 10,70,030/- രൂപ (പത്ത് ലക്ഷത്തി എഴുപതിനായിരത്തി മുപ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 58

5.9.2007 - ൽ മറുപടിക്ക്

### " സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് നടപടികൾ "

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. ബാബു. എം. പാലിശ്ശേരി :<br>ശ്രീ. കെ. ടി. ജലീൽ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് :<br>ശ്രീ. എ. പ്രദീപ് കുമാർ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ആഭ്യന്തരവും വിനോദ<br>സഞ്ചാരവും വകുപ്പ് മന്ത്രി. |
| (എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (എ) പോലീസ് വകുപ്പിൽ തെരഞ്ഞെടുത്ത 33 ഓഫീസർമാർക്ക് സൈബർ ഫോറൻസിക്കിലും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനിലും Centre for Development of Advanced Computer (C DAC) റിൽ നിന്നുള്ള റിസോഴ്സിൽ നിന്നും ഇന്റൻസീവ് ട്രെയിനിംഗ് ലഭിച്ചിട്ടുണ്ട്. അതുപോലെ വിവിധ ജില്ലകളിൽ നിന്നുമുള്ള തെരഞ്ഞെടുത്ത എസ്. ഐ. മുതൽ DySP വരെ റാങ്കിലുള്ള ഉദ്യോഗസ്ഥരെ ജാഗരൂകരാക്കുകയും അവരെ സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനിൽ അടിസ്ഥാന പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. IGP (HQ) വിന്റെ കീഴിൽ ക്രൈം ബ്രാഞ്ചിനേയും, ജില്ലാ പോലീസ് ഓഫീസുകളേയും സൈബർ ക്രൈം ഇൻവെസ്റ്റിഗേഷനിലും ഡിജിറ്റൽ എവിഡൻസ് ശേഖരണത്തിലും സഹായിക്കുന്നതിനുവേണ്ടി പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ ഒരു ഹൈടെക് ക്രൈം ഇൻക്വയറി സെൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാന ഫോറൻസിക് ലബോറട്ടറിയിൽ ഒരു സൈബർ ഫോറൻസിക് അനാലിസിസ് വിഭാഗം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(ബി) സൈബർ കുറ്റകൃത്യങ്ങളിൽ സ്വീകരിക്കേണ്ട പ്രതിരോധ മാർഗ്ഗങ്ങളും മറ്റും നിർദ്ദേശിക്കുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനുമായി ആവിഷ്കരിച്ച വെബ് പോർട്ടലും കോർ സെന്ററും നിലവിൽ വന്നത് എന്നാണ്; ഇവിടെ ഇതിനകം കുറ്റകൃത്യങ്ങൾ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) വെബ് പോർട്ടൽ 2007 ജൂലൈ 30 ാം തീയതി നിലവിൽ വന്നു.

ലഭിച്ചിട്ടുള്ള പരാതികൾ അനന്തര നടപടികൾക്ക് പോലീസ് ഡയറക്ടർ ജനറലിന് കൈമാറിയിട്ടുണ്ട്.

(സി) ഇന്റർനെറ്റിലെ ഓർക്കുട്ട് എന്ന കമ്മ്യൂണിറ്റിയുമായി ബന്ധപ്പെട്ട് വ്യാജ പ്രൊഫൈലുകൾ നിർമ്മിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഇത്തരം സൈബർ കുറ്റകൃത്യങ്ങൾക്കെതിരായി ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ സാധ്യമാണോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഓർക്കുട്ട് സൈറ്റിലുള്ള ഒരു വ്യക്തിയുടെ പ്രൊഫൈലുകൾ ദുരുപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഓർക്കുട്ട് സർവറിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് USA യിൽ നിന്നും ആയതിനാൽ ആ രാജ്യത്തിന്റെ Law Enforcement Authority യുടെ സഹായത്തോടു കൂടി മാത്രമേ ഇത്തരം കുറ്റകൃത്യങ്ങൾ വിജയകരമായി അന്വേഷിച്ചു കണ്ടെത്താൻ കഴിയുകയുള്ളൂ. USA യിലോ മറ്റ് വിദേശ രാജ്യങ്ങളിലോ സ്ഥാപിച്ചിരിക്കുന്ന സർവറുകളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Information Technology വകുപ്പുമായി ബന്ധപ്പെട്ടു വരുന്നുണ്ട്.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് പോലീസ് ഹൈടെക് സെൽ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

(ഡി) പോലീസ് ഹെഡ്ക്വാർട്ടേഴ്സിലെ HI - Tech Crime Enquiry Cell - നെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ * 59 — 05.09.2007-ൽ മറുപടിയ്ക്ക്

മൂന്നാറിലെ ടൂറിസം വികസനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.എ അസീസ് | (ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) മൂന്നാറിൽ ടൂറിസം വികസനത്തിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | എ) മൂന്നാറിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസം കേന്ദ്രമാക്കി വളർത്തിയെടുക്കുന്നതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ഒരു കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടകൾ നടന്നു വരുന്നു . മാസ്റ്റർ പ്ലാനിലൂടെ മാത്രമേ പദ്ധതികളുടെ രൂപരേഖകളെക്കുറിച്ച് ധാരണ ലഭിക്കുകയുള്ളൂ. |
| ബി) അനധികൃത റിസോർട്ടുകൾ നിറുത്തലാക്കിയതു കൊണ്ട് ടൂറിസ്റ്റുകൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | ബി) പൊതുമേഖലയിലും, സംയുക്ത മേഖലയിലും, സ്വകാര്യ മേഖലയിലും കൂടുതൽ താമസ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| സി) മൂന്നാറിന്റെ ടൂറിസ്റ്റ് പ്രാധാന്യം കണക്കിലെടുത്തുള്ള വികസനത്തിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി? | സി) മൂന്നാറിനെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ടൂറിസം കേന്ദ്രമാക്കുന്നതിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റിനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.60 — 05.09.2007-ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകളുടെ സീനിയോറിറ്റി

| ചോദ്യം | ഉത്തരം |
| --- | --- |
| പ്രൊഫ.എൻ.ജയരാജ്, എം.എൽ.എ | ശ്രീ.പി.കെ ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്യുന്ന വിധവകൾക്ക് സീനിയോറിറ്റി കണക്കാക്കുന്നതിൽ എന്തെങ്കിലും മുൻഗണന നൽകി വരുന്നുണ്ടോ; | എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിലിനായി പേര് രജിസ്റ്റർ ചെയ്യുന്ന വിധവകൾക്ക് സീനിയോറിറ്റിയിൽ മുൻഗണനയില്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ വിധവകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ വയസ്സിളവും നൽകി വരുന്നു. |
| ബി) നിലവിൽ രജിസ്ട്രേഷനുള്ള സ്ത്രീകൾക്ക്, അവർ വിധവകളാകുകയാണെങ്കിൽ സീനിയോറിറ്റിയിൽ അപ്രകാരം മുൻഗണന നൽകുന്നുണ്ടോ; | ബി) വിധവകളാകുന്ന സ്ത്രീകൾക്ക് സീനിയോറിറ്റിയിൽ മുൻഗണന നൽകുന്നില്ല. എന്നാൽ ഉദ്യോഗാർത്ഥി വിധവയാണെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ അന്നുമുതൽ നിലവിലുള്ള സീനിയോറിറ്റിയോടെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ഉയർന്ന പ്രായപരിധിയിൽ 10 വർഷത്തെ വയസ്സിളവും നൽകി വരുകയും ചെയ്യുന്നു. |
| സി) ഇതു സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ? | സി) ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് – നാഷണൽ എംപ്ലോയ്മെന്റ് സർവീസ് – വിധവകൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ പ്രയോറിറ്റി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (ജി) വകുപ്പ്

ജി.ഒ.(എം.എസ്) നമ്പർ.67/96/തൊഴിൽ. തീയതി, തിരുവനന്തപുരം, 9.8.1996

---

പരാമർശം:– 16.12.1995-ലെ എംപ്ലോയ്മെന്റ് ഡയറക്ടറുടെ – എൽ1/27575/95 നമ്പർ കത്ത്.

ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങളിൽ 50% പ്രയോറിറ്റിക്കാർക്കായി മാറ്റി വച്ചിരിക്കുന്നു. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിധവകളെയും നിയമാനുസൃതം വിവാഹമോചനം നേടിയ സ്ത്രീകളേയും സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ നിലവിലുള്ള 50% പ്രയോറിറ്റി വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്. രാജേശ്വരി ശർമ്മ,
ജോയിന്റ് സെക്രട്ടറി.

എംപ്ലോയ്മെന്റ് ഡയറക്ടർ,
തിരുവനന്തപുരം.

പി.ആന്റ്.എ.ആർ.ഡി.വകുപ്പ്,
പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (വേണ്ട നടപടികൾക്കായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

ഒപ്പ്
സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നമ്പർ.എൽ1/27578/95. തീയതി.10.9.96.
പകർപ്പ് അറിവിലേക്കും മേൽ നടപടി സ്വീകരിക്കുന്നതിനുമായി

എംപ്ലോയ്മെന്റ് ഡയറക്ടർക്കു വേണ്ടി.

1. എല്ലാ സബ് ഓഫീസുകൾക്കും
2. ഡയറക്ടർ/ജോയിന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടറുടെ പി.എ.മാർക്ക്.
3. എല്ലാ ജൂനിയർ/സെക്ഷൻ ഓഫീസർമാർക്കും
4. എസ്.എഫ്.

(ഒപ്പ്)
എംപ്ലോയ്മെന്റ് ഡയറക്ടർക്കു വേണ്ടി.

തീ.4.9.07.

Section Officer

-17-

## കേരള സർക്കാർ

3.

### സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് – നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് – എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ വിധവകളേയും നിയമാനുസൃതം വിവാഹമോചനം നേടിയ സ്ത്രീകളെയും മുൻഗണനാ ക്രമ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിന് വില്ലേജ് ഓഫീസറേയും / പഞ്ചായത്ത് പ്രസിഡന്റിനേയും അധികാരപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = =

### തൊഴിലും പുനരധിവാസവും (ജി) വകുപ്പ്

ജി.ഒ.(എം.എസ്) നമ്പർ. 6/98/തൊഴിൽ തീയതി, തിരുവനന്തപുരം, 20.2.1998.

പരാമർശം:- 1. 9.8.96-ലെ ജി.ഒ. (എം.എസ്.) നമ്പർ 67/96/തൊഴിൽ.
2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 1.10.1996-ലെയും 31.10.1996ലെയും കി1/27578/95 നമ്പർ കത്തുകൾ

### ഉത്തരവ്

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങളിൽ 50% മുൻഗണനാ ക്രമ വിഭാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്നു. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകളെയും നിയമാനുസൃതം വിവാഹമോചനം നേടിയ സ്ത്രീകളെയും മുൻഗണനാ ക്രമ വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ആനുകൂല്യം നൽകുന്നതിനുള്ള തെളിവായി ബന്ധപ്പെട്ട വില്ലേജ് ഓഫീസറോ /പഞ്ചായത്ത് പ്രസിഡന്റോ നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കാമെന്ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

//ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം//

കെ.വി. ചെറിയാൻ,
ജോയിന്റ് സെക്രട്ടറി.

ഡയറക്ടർ, പ്രിന്റിംഗ് വകുപ്പ്, തിരുവനന്തപുരം.

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സാമൂഹ്യക്ഷേമ വകുപ്പ്.
ഡയറക്ടർ ഓഫ് പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

(ഒപ്പ്)
സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നമ്പർ കി1/27578/95 തീയതി:17.3.98.

പകർപ്പ് എല്ലാ സബ് ഓഫീസുകൾക്കും മേൽനടപടിക്കുമായി അയക്കുന്നു. കത്ത് കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
എംപ്ലോയ്മെന്റ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ/യൂണിറ്റ് ഓഫീസർമാർക്കും.
2. ഡയറക്ടറുടെ/ജോയിന്റ് ഡയറക്ടറുടെ സി.എ. മാർക്ക്.
3. എസ്.എഫ്.

//ശരിപ്പകർപ്പ്//

Section Officer

എൻ/15.6.

## കേരള സർക്കാർ

### സംഗ്രഹം

തൊഴിലും പുനരധിവാസവും വകുപ്പ് – നാഷണൽ എംപ്ലോയ്മെന്റ് സർവീസ് – എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള നിയമനങ്ങൾക്ക് വിധവകളും/നിരാലംബരും വിവാഹമോചനം നേടിയ സ്ത്രീകളും പ്രായപരിധിയിൽ 10 വർഷത്തെ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും പുനരധിവാസവും (സി) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ 46/98/തൊഴിൽ. തീയതി, തിരുവനന്തപുരം, 5.8.1998

---

പരാമർശം: 1. ജി.ഒ.(എം.എസ്) നമ്പർ 67/96/തൊഴിൽ തീയതി 9.8.1996.
2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 20.1.1998-ലെ കെ1/27578/95 നമ്പർ കത്ത് –

### ഉത്തരവ്

മുകളിൽ രണ്ടാമതായി വായിച്ച എംപ്ലോയ്മെന്റ് ഡയറക്ടറുടെ കത്തുപ്രകാരം കേന്ദ്ര സർക്കാരിന്റെ പരിധിയിലുള്ള വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരം ക്ലാസ് – 3 ഉം 4-ഉം തസ്തികകളിൽ നിയമനം നടത്തുമ്പോൾ നിരാലംബരും വിവാഹമോചനം നേടിയവരും വിധവകളും നിയമനത്തിന് വേണ്ടി നിശ്ചയിച്ചിട്ടുള്ള ഉയർന്ന പ്രായപരിധിയിൽ 10 വർഷം വരെ ഇളവ് നൽകിവരുന്നുണ്ടെന്നും ഈ കാര്യം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാനുവൽ വാള്യം – 1-ൽ പറയുന്നുണ്ട് എന്നും റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ, ഈ ആനുകൂല്യം സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ക്ലാസ് – 3 ഉം 4 ഉം തസ്തികകൾക്കും ഇത്തരക്കാരുടെ കാര്യത്തിൽ ബാധകമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

എംപ്ലോയ്മെന്റ് ഡയറക്ടറുടെ ശുപാർശ സർക്കാർ വിശദമായി പരിശോധിച്ചു. സമൂഹത്തിലെ ദുഃഖം അനുഭവിക്കുന്ന വിധവകൾക്കും നിരാലംബർക്കും വിവാഹമോചനം നേടിയവരുമായ സ്ത്രീകൾക്ക് ആശ്വാസം നൽകുന്നതിന് സഹായകരമാകുന്ന ഒരു നല്ല കാര്യം എന്ന നിലയിൽ സർക്കാർ ഇതിനെ വിലയിരുത്തുകയും താഴെപറയും വിധം ഉത്തരവാകുകയും ചെയ്തു.

സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള വിധവകൾക്കും/നിരാലംബർക്കും വിവാഹമോചനം നേടിയ സ്ത്രീകൾക്കും സംസ്ഥാനത്തെ ഗവണ്മെന്റ്/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ക്ലാസ് – 3 ഉം 4-ഉം തസ്തികകളിലെ ഒഴിവുകൾ അറിയിക്കുന്നതനുസരിച്ച് ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുമ്പോൾ ഉയർന്ന പ്രായപരിധിയിൽ 10 (പത്ത്) വർഷത്തെ ഇളവ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വി. രാജഗോപാലൻ
സെക്രട്ടറി.

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ പബ്ലിക് റിലേഷൻസ് വകുപ്പ്.
ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (അനൗദ്യോഗിക കുറിപ്പ് നമ്പർ 3479/ഏ3/98/
… (… – …) തീയതി 8.6.1998)
…വകുപ്പ് (അഡ്.സി) (… നമ്പർ 2131 തീയതി 30.7.1998)
തൊഴിലും സ്പോർട്സും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
…/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
സെക്ഷൻ ഓഫീസർ.

ഡയറക്ടറേറ്റ് കത്ത് നമ്പർ കെ1/27578/95 തീയതി: 19.8.98 : പകർപ്പ് എല്ലാ … ഓഫീസർമാർക്കും, അറിവിലേക്കും, തുടർ നടപടിക്കുമായി അയക്കുന്നു. കത്തിൽ … വിവരം അറിയിക്കേണ്ടതാണ്.

എംപ്ലോയ്മെന്റ് ഡയറക്ടർ

1) ഡയറക്ടറേറ്റിലെ [illegible]
2) ഡയറക്ടറുടെ/[illegible]